KARIKKAMPALLY
SZ 207



# വേദപ്രചാര മദ്ധ്യസ്ഥൻ

# ദളങ്ങളിൽ


| | |
|---|---|
| തീർത്ഥാടകനായ പിതാവ് | 3 |
| അനുസ്മരണം: | 7 |
| റവ. ഫാ. മാത്യു കാപ്പുകാട്ട് | |
| റവ. ഫാ. സക്കറിയാസ് എളപ്പുങ്കൽ | |
| കച്ചേരിക്കാര്യം | 9 |
| സന്ദേശനിലയം | 14 |
| ഫാമിലി അപ്പസ്റ്റോലേറ്റ് | 17 |
| സമൂഹിക വികസനതലം | 19 |
| കെ. സി. എസ്. എൽ. | 22 |
| മിഷൻ ലീഗ് | 23 |
| വിൻസെൻഷ്യൻ വേദി | 27 |
| പാസ്റ്ററൽ സെൻറർ വാർത്തകൾ | 29 |
| കൾച്ചറൽ അക്കാഡമി | 32 |
| അതിരൂപതാ ഡയറി | 33 |


വാർഷിക വരിസംഖ്യ രൂ. 20/-



"നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ
അവൻ നിങ്ങളോടു പറയുന്നതു് നിങ്ങൾ ചെയ്യുവിൻ."
സൃഷ്ടി. 41/55

## ഷഷ്ടിപൂർത്തി

**14 - 8 - 1990**

അഭിവന്ദ്യ പിതാവിന്
അതിരൂപതയിലെ ദൈവജനംമുഴുവന്റേയും
സ്നേഹനിർഭരമായ ജന്മദിനാശംസകൾ

# വേദപ്രചാരമദ്ധ്യസ്ഥൻ

വാല്യം 63 ലക്കം 2 ആഗസ്ററ് 1990

# തീർത്ഥാടകനായ പിതാവ്

പ്രൊഫ. സ്കറിയാ സക്കറിയാ

വിശ്രുത സാഹിത്യകാരനായ ഹെർമൻ ഹെസ്സേയുടെ സിദ്ധാർത്ഥ എന്ന നോവൽ പുസ്തകരൂപത്തിലും ചലച്ചിത്ര രൂപത്തിലും ലോകശ്രദ്ധ പിടിച്ചെടുത്ത കാലാസൃഷ്ടിയാണ്. അതിലെ നായകനായ സിദ്ധാർത്ഥ സാഹസികമായ സത്യാന്വേഷണ പരിശ്രമത്തിൽ ഏർപ്പെട്ടിരിക്കുന്നു. ജീവിതത്തിന്റെ അർത്ഥവും വ്യാഖ്യാനവും തേടി സഞ്ചരിക്കുന്ന അന്വേഷകനോട് മററുള്ളവർ ചോദിക്കും: മഹാസത്യങ്ങൾ അന്വേഷിക്കാനും കണ്ടെത്താനും താങ്കൾക്കുള്ള അർഹത എന്താണ്?' ആ ചോദ്യത്തിന് സിദ്ധാർത്ഥ നൽകുന്ന മറുപടി ഇതാണ്.

'എനിക്ക് ചിന്തിക്കാനാവും; എനിക്കു കാത്തുനിൽക്കാനാവും; എനിക്കു പലതും ത്യജിക്കാനാവും'.

സിദ്ധാർത്ഥ നൽകിയ ഈ മറുപടി സത്യത്തിന്റെ പ്രവാചകരാകാൻ നിയോഗിക്കപ്പെട്ടിരിക്കുന്ന എല്ലാ വലിയ മനുഷ്യരുടെയും പ്രഖ്യാപനമാണ്. സത്യത്തിനു സാക്ഷികളാകാൻ വിളിക്കപ്പെടുന്നവർ വിശദമായി ചിന്തിക്കാനും ക്ഷമാപൂർവം കാത്തുനിൽക്കാനും കണക്കു വയ്ക്കാതെ ത്യാഗം ചെയ്യാനും ഒരുമ്പെടുന്നു. ചങ്ങനാശേരി അതിരൂപതയുടെ പിതാവായ മാർ ജോസഫ് പവ്വത്തിൽ മെത്രാപ്പോലീത്തയ്ക്ക് ദൈവം നൽകിയിരിക്കുന്ന സിദ്ധിയും വിളിയും ഇതു തന്നെയാണ്. ശത്രുമിത്രഭേദമില്ലാതെ എല്ലാവരും അംഗീകരിക്കാൻ സാധ്യതയുള്ളതാണ് ഈ പ്രസ്താവം.

വിജ്ഞാന വിഷയത്തിൽ സങ്കുചിതത്വങ്ങൾക്ക് അതീതനാണ് പവ്വത്തിൽ പിതാവ്. കോളജിൽ പഠിച്ചതും പഠിപ്പിച്ചതും സാമ്പത്തിക ശാസ്ത്രമാണ്; പക്ഷേ ആ വിഷയത്തിൽ പരിമിതപ്പെടുന്നില്ല അദ്ദേഹത്തിന്റെ വിജ്ഞാനം. പൗരസ്ത്യ ദൈവശാസ്ത്രം, സീറോ മലബാർ സഭയുടെ ചരിത്രം, ആരാധനക്രമം, ഭാരതത്തിലെ വിദ്യാഭ്യാസരംഗം, മതന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസാവകാശങ്ങൾ, മതവും സംസ്കാരവും തമ്മിലുള്ള ബന്ധം തുടങ്ങിയവയെക്കുറിച്ചെല്ലാം ഏതു പണ്ഡിത സമൂഹത്തിലും ആധികാരികമായി സംസാരിക്കാൻ അദ്ദേഹത്തിനു കഴിയുന്നു. വായനയും ചിന്തയും കൊണ്ടു സമാഹരിക്കുന്ന വിഭവങ്ങൾ തനിമ

യാർന്ന കാഴ്ചപ്പാടിലൂടെ അവതരിപ്പിക്കാൻ അദ്ദേഹത്തിനു അസാധാരണ വൈദഗ്ധ്യമുണ്ട്. ഏതു പ്രശ്നത്തിലും പൂർവപക്ഷങ്ങൾ ഉന്നയിച്ചു ചർച്ചയ്ക്കും കൂട്ടായ വിചിന്തനത്തിനും ആഴം നൽകാൻ അദ്ദേഹത്തിനു കഴിയുന്നു. ഗൗരവ ബുദ്ധിയോടെ വായിക്കാവുന്നതെന്തും അദ്ദേഹം ശ്രദ്ധാപൂർവം വായിക്കുന്നു. വിഷയം സാഹിത്യമോ നിയമമോ എന്തുമാകാം, അദ്ദേഹമതു വായിക്കുന്നു; സ്വന്തം പ്രതികരണങ്ങൾ നൽകുന്നു. മാതാത്മകതയെയും വൈജ്ഞാനികലോകത്തെയും ബന്ധിപ്പിക്കുന്ന കണ്ണിയായി വർത്തിക്കുന്ന ആത്മീയ പാലകനാണ് പവ്വത്തിൽ പിതാവ്.

ക്ഷമാപൂർവം കാത്തുനിൽക്കാനുള്ള അദ്ദേഹത്തിന്റെ കഴിവ് പ്രസിദ്ധമാണ്. ആളുകൾ തിരക്കുകൂട്ടുന്ന കാര്യങ്ങളിലൊന്നും അദ്ദേഹം ഭ്രമിക്കാറില്ല. അല്പം കാത്തുനിന്നു എല്ലാം നോക്കിക്കണ്ടു വിലയിരുത്താൻ അദ്ദേഹം തയ്യാറാണ്. ദൈവവിളിയുടെ കാര്യത്തിൽ പോലും, ബിരുദാനന്തരബിരുദം നേടുന്നതുവരെ കാത്തുനിൽക്കാനാണല്ലോ അദ്ദേഹം തയ്യാറായത്! ജനക്കൂട്ടത്തിന്റെ കയ്യടിയോ മുറുമുറുപ്പോ തന്റെ ചിന്താപ്രവാഹത്തെ തടസപ്പെടുത്തരുതെന്നു നിർബന്ധിക്കുന്ന പിതാവ്, കാത്തു നിൽക്കാൻ തയ്യാറാകുന്നതു എല്ലാം വേണ്ടതുപോലെ ആലോചിച്ചുറച്ചു പുറപ്പെടാനാണ്. തന്മൂലം എടുത്തുചാട്ടക്കാരുടെയും ഹാലിളകുന്നവരുടെയും സമൂഹത്തിൽ ഒരു കുലപർവതത്തിന്റെ ഉറപ്പോടെ അദ്ദേഹം പ്രത്യക്ഷപ്പെടുന്നു. 'ഹിമാലയത്തിന്നുറപ്പാർന്നോർ' എന്നു ഭാരതത്തിലെ പൂർവ സൂരികളെ സുഗതകുമാരി വിശേഷിപ്പിച്ചിട്ടുണ്ടല്ലോ.

പവ്വത്തിൽ പിതാവിന്റെ ത്യാഗശീലം അദ്ദേഹവുമായി വ്യക്തിപരമായി ഇടപെട്ടിട്ടുള്ളവർക്കെല്ലാം ബോധ്യമുള്ളതാണ്. അദ്ദേഹത്തെ നിശിതമായി വിമർശിക്കുന്നവർക്കുപോലും പറയാനുള്ളത്, അദ്ദേഹം വേണ്ടതിലേറെ ഭാരങ്ങൾ സ്വയം വരുത്തിവയ്ക്കുന്നു എന്നാണ്. സ്വാർത്ഥതയോ ലാഭേച്ഛയോ നിമിത്തം എന്തെങ്കിലും, പ്രശ്നത്തിൽ അദ്ദേഹം കർക്കശമായ നിലപാടുകൾ സ്വീകരിച്ചിട്ടുള്ളതായി കേട്ടിട്ടില്ല. തനിക്കു ബോധ്യമുള്ള സത്യങ്ങൾ–വായിച്ചും പഠിച്ചും ചിന്തിച്ചും അനുഭവിച്ചും തനിക്കു ബോധ്യം വന്ന കാര്യങ്ങൾ —പേരുദോഷം ഭയന്ന് അദ്ദേഹം മറച്ചുവെയ്ക്കാറില്ല. അക്കാര്യം ഏതു സദസിലും നിർഭയം തുറന്നു പറയും. തന്മൂലം അർഹിക്കുന്നതിലേറെ വിമർശനവും ശത്രുതയും പരിഹാസവും അദ്ദേഹത്തിനു ലഭിക്കാറുണ്ട്. ചിന്തയും വാക്കും പ്രവൃത്തിയും പൊരുത്തപ്പെടുത്തികൊണ്ടുപോകുന്നതിൽ പവ്വത്തിൽ പിതാവ് കാണിക്കുന്ന നിർബന്ധം അദ്ദേഹത്തെ അസാധാ

രണനാക്കുന്നു. ഈ നിർബന്ധം നിമിത്തം ഏറെ ജനപ്രീതി അദ്ദേഹം ത്യജിക്കേണ്ടിവരുന്നു. അദ്ദേഹം അനുഷ്ഠിക്കുന്ന അമൂല്യമായ ത്യാഗം ഇതാണെന്നു തോന്നുന്നു. പരിഹാസ ശരങ്ങൾക്കു മുമ്പിൽ അദ്ദേഹം വിളറിപ്പോകുന്നില്ല. കാരണം ഉത്തമബോധ്യങ്ങൾക്കു വേണ്ടി സഹിക്കുന്നതിലും ത്യജിക്കുന്നതിലും ആത്മീയ സംതൃപ്തി അദ്ദേഹം അനുഭവിക്കുന്നുണ്ടാവാം.

നമ്മുടെ കാലഘട്ടത്തിൽ വാക്കും പ്രവൃത്തിയും തമ്മിലുള്ള പൊരുത്തക്കേട് സാർവത്രികമായിത്തീർന്നിട്ടുണ്ട്. വിട്ടുവീഴ്ച, രമ്യത എന്നെല്ലാമുള്ള ഓമനപ്പേരുകളിൽ സ്വാർത്ഥതയ്ക്കും ജനപ്രീതിക്കും വേണ്ടി ബോധ്യങ്ങൾ മറന്ന് വഴുവഴുപ്പൻ മട്ടിൽ പെരുമാറുന്നവർ മതമണ്ഡലത്തിൽപോലും സുലഭമായിരിക്കുന്നു. വ്യക്തികളും സ്ഥാപനങ്ങളുംമനസാക്ഷി പണയപ്പെടുത്തിക്കൊണ്ടും തങ്ങൾ പ്രതിനിധാനം ചെയ്യുന്ന തത്ത്വസംഹിതകളുടെ അന്തസത്ത നശിപ്പിച്ചുകൊണ്ടും ഇവ്വിധം പെരുമാറുന്ന സാഹചര്യത്തിൽ പവ്വത്തിൽ പിതാവിന്റെ ഉദ്ഗ്രഥിത വ്യക്തിത്വം നൽകുന്ന സാക്ഷ്യം, അമൂല്യമായ ക്രൈസ്തവ സാക്ഷ്യം പ്രത്യേക പരാമർശം അർഹിക്കുന്നു.

കേരളത്തിലെ മാർത്തോമ്മാ നസ്രാണികളുടെ പാരമ്പര്യബോധവും പ്രാചീന ഭാരതത്തിലെ ഋഷിമാരുടെ തത്ത്വാവബോധവും പൗരസ്ത്യദേശത്തെ സന്യാസിമാരുടെ ത്യാഗശീലവും ഒത്തിണങ്ങിയ പവ്വത്തിൽ പിതാവ് ഒരിക്കലും പഴമയുടെ തടവറയിലേക്കു തന്റെ സഹപ്രവർത്തകരെയും നയിക്കാറില്ല. മറിച്ച്, ആധുനീകീകരണത്തിന്റെ ശക്തനായ വക്താവാണ് പല രംഗങ്ങളിലും അദ്ദേഹം. എസ്. ബി. കോളജിലായിരുന്നപ്പോൾ, അദ്ദേഹം യുവജന സംഘടനയായ ഐക്കഫിന്റെ ചാപ്ലയിനായിരുന്നു. അക്കാലത്ത് ഐക്കഫ്, ആവശ്യമില്ലാത്ത ഭാരമായി പല മുതിർന്നവരും കരുതിയിരുന്നു എന്നു ഈ ലേഖകൻ ഓർമ്മിക്കുന്നു. അവരുടെ നെററിചുളിയുന്നതോ ചുണ്ടുകൾ പരിഹാസച്ചിരി പൊഴിക്കുന്നതോ വകവയ്ക്കാതെ പവ്വത്തിലച്ചൻ ഐക്കഫിനുവേണ്ടി പ്രവർത്തിച്ചു. അക്കാലത്തു പല ദേശീയ സമ്മേളനങ്ങൾക്കും എസ്. ബി. കോളജ് വേദിയായി. അദ്ദേഹം അതിരൂപതയുടെ സഹായമെത്രാനായിരുന്നപ്പോൾ രൂപംകൊണ്ടതാണ് യുവദീപ്തി എന്ന യുവജന സംഘടന. പലരും വയ്യാവേലിയായി കരുതുന്ന യുവജന പ്രസ്ഥാനത്തിനുവേണ്ടി അദ്ദേഹം ത്യാഗപൂർവം ഉറച്ചുനിന്നു പ്രവർത്തിച്ചു. ദേശീയ തലത്തിൽപോലും

യുവജന പ്രസ്ഥാനത്തിന് അമൂല്യമായ പല സംഭാവനകളും അദ്ദേഹം നൽകി. ചങ്ങനാശേരി അതിരൂപതയിലെ പാസ്റ്ററൽ കൗൺസിൽ, അതിന്റെ ഉത്ഭവത്തിനും വളർച്ചയ്ക്കും അഭിവന്ദ്യ പിതാവിനോടു ഏറെ കടപ്പെട്ടിരിക്കുന്നു. സഭയിലെ ദൈവജനപങ്കാളിത്തത്തെക്കുറിച്ച് ക്രാന്തദർശിത്വത്തോടെ ചിന്തിക്കാനും അതിനുവേണ്ടി സാഹസികമായി പ്രവർത്തിക്കാനും പിതാവിനു കഴിഞ്ഞിട്ടുണ്ട്. അടുത്തകാലത്ത് ചങ്ങനാശേരി അതിരൂപതയിലെ സ്കൂൾ അധ്യാപകർ, കോളജ് അധ്യാപകർ, അനധ്യാപകർ, ഡോക്ടറന്മാർ, നിയമജ്ഞർ, കലാകാരന്മാർ എന്നിവരെയെല്ലാം വെവ്വേറെ വിളിച്ചുകൂട്ടി അവരുടെ വിശ്വാസജീവിതത്തിന്റെ പ്രശ്നങ്ങളെക്കുറിച്ചു ചർച്ച ചെയ്യാൻ ഒരുമ്പെട്ട പിതാവ് ഇക്കാര്യത്തിൽ ഒരു മാർഗ്ഗ ദർശിയായിത്തീർന്നിരിക്കുന്നു കേരളസഭയിൽ. മൂല്യ നിഷ്ഠമായ സാഹിത്യ പ്രവർത്തനത്തിനുള്ള ഐ. സി. ചാക്കോ അവാർഡ്, ക്രൈസ്തവ കലാകാരന്മാർക്കുള്ള നിധീരിക്കൽ മാണിക്കത്തനാർ അവാർഡ് എന്നിവയും പിതാവിന്റെ സന്മാതൃകകളാണ്. കാഞ്ഞിരപ്പള്ളി രൂപതയുടെ പ്രഥമമെത്രാൻ എന്ന നിലയിൽ ആ രൂപതയിൽ പിതാവ് ഏർപ്പെടുത്തിയ സ്ഥാപനങ്ങളും സംവിധാനങ്ങളും ദൈവജനം മുഴുവന്റെയും ആദ്ധ്യാത്മികവും ഭൗതികവുമായ ക്ഷേമം മുൻനിറുത്തി കാര്യക്ഷമമായി പ്രവർത്തിക്കുന്നു.

സഭകളുടെ ഐക്യത്തിനു വേണ്ടി ആത്മാർത്ഥമായി പ്രയത്നിക്കുന്ന പവ്വത്തിൽ പിതാവിന് ഇതര ക്രൈസ്തവ സഭാസമൂഹങ്ങളിൽ സാരമായ സ്വാധീനം ചെലുത്താൻ കഴിയുന്നുണ്ട്. വിദ്യാഭ്യാസ കാര്യങ്ങളിൽ കേരള ക്രൈസ്തവ സഭയുടെ അനിഷേധ്യനേതാവായി അദ്ദേഹം പരിഗണിക്കപ്പെടുന്നു.

തന്നെക്കുറിച്ച് ആരെങ്കിലും ഏറെ പ്രശംസാ പരമായി സംസാരിക്കുമ്പോഴം, അതു സത്യമാണെങ്കിൽപോലും, അസ്വസ്ഥനായി നെറ്റി ചുളിക്കുക മാത്രമല്ല നെറ്റി തിരുമ്മുക കൂടി ചെയ്യുന്ന പവ്വത്തിൽ പിതാവിന്റെ ചിത്രം മനസിൽ തെളിഞ്ഞു വരുന്നു. അതിനാൽ ഇനിയും പലതും എഴുതേണ്ടതുണ്ടെങ്കിലും ഈ ലേഖനം ഇവിടെ അവസാനിപ്പിക്കാം.

അറുപതു വയസു തികയുന്ന പിതാവിന് ഇനിയും ബഹുദൂരം സഞ്ചരിക്കാനുണ്ട്. സാഹസികമായ ഈ തീർത്ഥാടനത്തിൽ സർവശക്തൻ പകൽ മേഘസ്തംഭംകൊണ്ടും രാത്രിയിൽ അഗ്നിസ്തംഭംകൊണ്ടും അദ്ദേഹത്തെ നയിക്കട്ടെ!

അനുസ്മരണം

## റവ. ഫാ. മാത്യു കാപ്പുകാട്ട്

തമ്പലക്കാട്ട് കാപ്പുകാട്ട് തോമസ് - മറിയം ദമ്പതികളുടെ ഒമ്പതു സന്താനങ്ങളിൽ പാൽക്കാലത്തു വൈദികനായ ശിശു 1908 മാർച്ച് മാസം 4-ാം തീയതി ജനിച്ചു. മാമ്മോദീസായിൽ മാത്യു എന്നപേർ നല്കപ്പെട്ടു. സ്ഥലത്തെ ഗവ. എൽ. പി. എസിലും പാലാ സെൻറ് തോമസ് ഹൈസ്കൂളിലും പഠിച്ചശേഷം വൈദിക വിദ്യാഭ്യാസം ആരംഭിച്ചത് പുത്തൻ പള്ളി സെമിനാരിയിലും പൂർത്തിയാക്കിയത് ആലുവാ മംഗലപ്പുഴ സെമിനാരിയിലുമാണ്.

1933 ഡിസംബർ 17-ാം തീയതി പൗരോഹിത്യത്തിലേക്ക് ഉയർത്തപ്പെട്ട അദ്ദേഹം കാഞ്ഞിരപ്പള്ളി, രാമപുരം, കുറവിലങ്ങാട് എന്നീ പള്ളികളിൽ അസിസ്റ്റൻറായി ജോലി നോക്കി. പിന്നീട് കുടക്കച്ചിറ, കോതനല്ലൂർ, കുളത്തൂർ, കണ്ണമ്പള്ളി, പൊടിമററം, മുണ്ടക്കയം എന്നീ പള്ളികളിൽ വികാരിയായും സേവനം അനുഷ്ഠിച്ചു. മുണ്ടക്കയത്തുനിന്ന് സ്വന്തം ഇടവകയായ തമ്പലക്കാട്ടേയ്ക്കു സ്ഥലം മാററപ്പെട്ട അദ്ദേഹം 6 വർഷം സ്വന്തം ഇടവകയെ വികാരിയെന്ന നിലയിൽ സേവിച്ചു. പിന്നീട് റിട്ടയർചെയ്തത് അദ്ദേഹം പള്ളിക്കടുത്തുള്ള സ്വന്തം ഭവനത്തിൽത്തന്നെ താമസിക്കുകയായിരുന്നു.

അദ്ദേഹത്തിൻെറ കുടുംബത്തിൽ ധാരാളം ദൈവവിളികൾ ഉണ്ടായിട്ടുണ്ട്. സ്വന്തം സഹോദരി റവ. സി. വിൻസെൻറ് തിരുഹൃദയസഭയുടെ ചങ്ങനാശേരിയിലെ പ്രൊവിൻഷ്യലായിരുന്നിട്ടുണ്ട്. അദ്ദേഹത്തിൻെറ സഹോദര പുത്രന്മാർ റവ. ഫാ. തോമസ് ഓസ്വാർഡ് C. M. I. ജോസ് കാപ്പുകാട്ട് C. M I എന്നിവരും സഹോദരീപുത്രൻ ഫാ. സെബാസ്ററ്യൻ M.S.T. യുമാണ്.

തിരുഹൃദയ സഭയിലെ അംഗങ്ങളായ സി. ആൻറണീററാ (താമരശേരി), സി. വിൻസെൻറ് (മാനന്തവാടി), ലീനാ (മാനന്തവാടി), സി. ഫ്രാങ്കോ്രടീസാ (കാഞ്ഞിരപ്പള്ളി) സി. ഫ്രൂംജെൻസിയാ (ജർമ്മനി) എന്നിവർ അദ്ദേഹത്തിൻെറ സഹോദരീസഹോദര പുത്രന്മാരാണ്.

ബ. കാപ്പുകാട്ട് മത്തായിച്ചൻെറ പക്കൽ നാനാജാതി മതസ്ഥരായ ധാരാളം ആളുകൾ അവരുടെ വിവിധ തരത്തിലുള്ള ആവശ്യങ്ങൾ സാധിച്ചു കിട്ടുന്നതിനു വന്നിരുന്നു.

82 സംവത്സരങ്ങൾ ഈ ലോകത്തിൽ ജീവിച്ച് അതിൽ 57 കൊല്ലവും വൈദികസേവനം നിർവ്വഹിച്ച അദ്ദേഹത്തിൻെറ പാവനാത്മാവ് 1990 ജൂലൈ മാസം 19-ാം തീയതി പിതൃ

സന്നിധിയിലേക്കു പറന്നുപോയി. പിറ്റെ ദിവസം വലിയ ഒരു ജനസഞ്ചയത്തിന്റെ സാന്നിദ്ധ്യത്തിൽ അനേകം കന്യാസ്ത്രീകളുടേയും വൈദികരുടേയും പ്രാർത്ഥനാമദ്ധ്യേ സംസ്ക്കാരകർമ്മം നടത്തി. പരേതനു നല്ലവനായ ദൈവം നിത്യശാന്തി നൽകട്ടെ.

## റവ. ഫാ. സക്കറിയാസ് എളപ്പുങ്കൽ

വിദേശ രാജ്യത്ത് സേവനം നടത്തിക്കൊണ്ടിരുന്ന റവ. ഫാ. സക്കറിയാസ് എളപ്പുങ്കൽ അമേരിക്കയിൽ മിനിസോട്ടായെന്ന സ്ഥലത്തുവച്ച് 1990 ജൂലൈ മാസം 20-ാം തീയതി നിര്യാതനായി. മൃതദേഹം 23-ാം തീയതി അവിടെ സംസ്കരിച്ചു.

അദ്ദേഹത്തിന്റെ ജനനം 1938 ഏപ്രിൽ 24-ാംനു ആയിരുന്നു. എളപ്പുങ്കൽ- ആഗസ്റ്റിൻ - ഏലിയാമ്മ ദമ്പതികളായിരുന്നു അദ്ദേഹത്തിന്റെ മാതാപിതാക്കൾ. പാറേൽ പെററിസെമിനാരിയിൽ വൈദിക വിദ്യാഭ്യാസം ആരംഭിച്ച അദ്ദേഹം ആലുവാ കാർമ്മൽ ഗിരി സെമിനാരിയിലേക്ക് അയക്കപ്പെട്ടു. അവിടെ നിന്ന് ഉപരി പഠനാർത്ഥം റോമിലേക്ക് പോയി. ബ്ര. സക്കറിയാസ് 1963 നവംമ്പർ 30-ാം നു കർത്താവിന്റെ പുരോഹിതനായി അഭിഷിക്തനായി. റോമിൽത്തന്നെ 1968 വരെ പഠിച്ച് ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടി. തിരിച്ചെത്തിയ ബ. സക്കറിയാസച്ചൻ സ്വന്തം ഇടവകയായ ചങ്ങനാശേരിയിൽ അസിസ്ററൻറായി സേവനം ആരംഭിച്ചു. പിന്നീട് അതിരൂപതയിലെ സാമൂഹ്യ പ്രവർത്തന വകുപ്പിന്റെ ഡയറക്ടറായും അഭിവന്ദ്യ പടിയറ പിതാവിന്റെ സെക്രട്ടറിയായും ഹൗസ് പ്രൊക്കുറേററായും ജോലിചെയ്തു.

കാരിത്താസ് ഇൻഡ്യയുടെ ആക്ടിംഗ് ഡപ്യൂട്ടി ഡയറക്ടറായിട്ട് അദ്ദേഹം സേവനം ചെയ്തതിനുശേഷം, വില്ലൂന്നി, തിരുവനന്തപുരം,ഫാത്തിമാപുരം എന്നീ പള്ളികളിൽ വികാരിയായി ജോലിനോക്കി. 1981 മുതൽ അദ്ദേഹം Church of St. Peter, North St. Paul Minnesota യിൽ Associate Pastor ആയി ജോലി നോക്കിവരവെയാണ് ആകസ്മികമായി മരണം അദ്ദേഹത്തെ പിടികൂടിയത്. ഹൃദയസ്തംഭനം ആയിരുന്നു അദ്ദേഹത്തിന്റെ മരണ കാരണം.

സൗമ്യനും സഹൃദയനും സരസനും സംസ്ക്കാര സമ്പ

(ശേഷം 34- ാം പേജിൽ)

# കച്ചേരികാര്യം

I

ഇടവകയിലെ രജിസ്ററുകൾ വളരെ ശ്രദ്ധയോടെ സൂക്ഷിക്കുവാനും ഇടവകാംഗങ്ങളുടെ എല്ലാവിവരങ്ങളും പ്രത്യേകിച്ച് മാമ്മോദീസാ, വിവാഹം, മരണം, എന്നിവയുടെ വിവരങ്ങൾ വളരെ സൂക്ഷ്മതയോടെ അപ്പോഴപ്പോൾതന്നെ രജിസ്ററുകളിൽ എഴുതിച്ചേർക്കുവാനും ബ. വികാരിമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മാമ്മോദീസാ, വിവാഹം, ശവസംസ്കാരം എന്നിവയുടെ ശരിയായ വിവരങ്ങൾ ഇടവക രജിസ്ററുകളിൽ ചേർക്കുവാൻ പ്രസ്തുത ചടങ്ങുകളുടെ ഉത്തരവാദിത്വം വഹിക്കുന്ന വിശ്വാസികളും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. രജിസ്ററുകളിൽ ചേർക്കപ്പെട്ടിട്ടില്ലാത്ത കാര്യങ്ങളെ സംബന്ധിച്ചോ ചേർക്കപ്പെട്ടിരിക്കുന്ന വിവരങ്ങളിൽ വ്യത്യാസമോ തിരുത്തലുകളോ വരുത്തിയോ ഇടവകയിൽ നിന്നും സർട്ടിഫിക്കററുകൾ ലഭിക്കുകയില്ലെന്ന വിവരം ഇടവക ജനങ്ങളെ അറിയിക്കേണ്ടതാണ്. അങ്ങനെയുള്ള ആവശ്യങ്ങൾക്ക് അതിരൂപത കച്ചേരിയിലേയ്ക്ക് അപേക്ഷകളുമായി ആളുകളെ അയക്കാതിരിക്കുവാനും ബ. വികാരിമാർ ശ്രദ്ധിക്കേണ്ടതാണ്.

വായിച്ചെടുക്കുവാൻ പ്രയാസമുള്ളതും ദ്രവിച്ചുതുടങ്ങുന്നതുമായ രജിസ്ററുകൾ പകർത്തി എഴുതി സൂക്ഷിക്കേണ്ടതാണ്. രജിസ്ററുകൾ ദീർഘകാലം ഈടുനില്ക്കുന്ന കടലാസുകൊണ്ടുള്ളതും ഉറപ്പുള്ള ബയൻറിങ്ങുള്ളതും ആയിരിക്കേണ്ടതാണ്.

രജിസ്ററുകൾ സുരക്ഷിതമായ അലമാരികളിൽ ബഹു. വികാരിയുടെ ഉത്തരവാദിത്വത്തിൽ സൂക്ഷിക്കേണ്ടതാണ്.

II

ബ. അച്ചന്മാരുടെ വാർഷിക ധ്യാനം സെപ്ററംബർ 17 മുതൽ 21 വരെയും 24 മുതൽ 28 വരെയും രണ്ടുബാച്ചുകളിലായി കുറിച്ചി മൈനർ സെമിനാരിയിൽ വച്ചു നടത്തപ്പെടുന്നതാണ്. ബ. ജോൺ കുറിച്ചിയാനി OSB അച്ചനാണ് ധ്യാന

ഗുരു. ധ്യാനം തിങ്കളാഴ്ച വൈകിട്ട് 7 മണിക്ക് ആരംഭിക്കുന്നതും വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 4 മണിക്ക് അവസാനിക്കുന്നതുമാണ്.

ബ. അച്ചന്മാരെ രണ്ടു ബാച്ചുകളിലായി തിരിച്ചുള്ള ലിസ്റ്റ് ഇതിനോടൊപ്പം പ്രസിദ്ധീകരിക്കുന്നു. നിശ്ചയിക്കപ്പെട്ടിരിക്കുന്ന ബാച്ചിൽ ധ്യാനത്തിൽ സംബന്ധിക്കുവാൻ അസൗകര്യമുള്ളവർക്ക് മറ്റേബാച്ചിലേയ്ക്ക് മാറാവുന്നതാണ്. എന്നാൽ അങ്ങനെ ബാച്ചു മാറുവാൻ ആഗ്രഹിക്കുന്നവർ വിവരം നേരത്തെ അറിയിക്കേണ്ടതാണ്.

ധ്യാനത്തിൽ സംബന്ധിക്കുന്ന എല്ലാ ബ. അച്ചന്മാരും അവരുടെ കുർബാനക്കണക്കു പുസ്തകവും കുമ്പസാര അനുവാദപത്തേന്തിയും പരിശോധനയ്ക്കും പുതുക്കലിനുമായി കൊണ്ടുവരേണ്ടതാണ്.

ഏതെങ്കിലും വിധത്തിൽ പൊതുധ്യാനത്തിൽ സംബന്ധിക്കുവാൻ സാധിക്കാത്ത എല്ലാ ബ. അച്ചന്മാരും 1990 നവംബർ 30 നകം വാർഷിക ധ്യാനം നടത്തേണ്ടതും കുർബാന കണക്കുപുസ്തകവും കുമ്പസാര അനുവാദ പത്തേന്തിയും അതിരൂപതക്കച്ചേരിയിൽ ഹാജരാക്കേണ്ടതുമാണ്.

ധ്യാനത്തിൽ സംബന്ധിക്കുന്ന എല്ലാ ബ. അച്ചന്മാരും കാനോന നമസ്കാരം III Vol വും സമൂഹബലിക്ക് കൊത്തീന, സൂനാറാ ഊറാറ എന്നിവയും കൊണ്ടുവരേണ്ടതാണ്.

## 1st BATCH—SEPT. 17—21

V. Rev. & Rev. Fathers
Paul Alummoottil
Philip Alumparampil
Antony Aniyara
George Anjilivelil
Sebastian Aruparayil
Varghese Attuvathala
Jacob Ayyamathara
Joseph Chakkalayil
George Chalangady
Philip Chavara
Joseph Erumachadath
Joseph Eruthanatt
Jacob Kadathukalam

V. Rev. & Rev. Fathers
Antony Kadavil
Zacharias Kaithara
Joseph Kalacherry
Kurian Kalappura
Peter Kalappura
George Kalarickal
Joseph Kalarickal
Cyriac Kalathil
Mathew Kallukkalam
Zacharias Kallupura
Zacharias Kanjooparampil
Thomas Kannampally
Joseph Karimpalil

V. Rev. & Rev. Fathers

Mathew Karivelil
Thomas Karukakalam
John Karivelil
Mathew Kattady
Sebastian Kattampally
Jacob Kattoor
Thomas Kezhakkedam
Jose Kochuparampil
Jacob Kochupurackal
George Koodathil
Cyriac Koottummel
Cyriac Kottayil
Jacob Kulamkuthyil
Antony Kunnathett
Philip Kunnumpuram
Antony Kurialacherry
Joseph Kurinjiparampil
Mathew Kurisummoottil
Francis Kuttickal
Joseph Madathil
Joseph Manakalam
Joseph Manalil
Thomas Manalil
Sebastian Mancherikalam
George Mangalam
Antony Mannila
Joseph Maroor
Mathew Mullasserry
Joseph Mundakathil
Abraham Mupparathara
Joseph Muringayil
Thomas Muttathukunnel
Thomas Naduvileparampil
Joseph Naduvilezham
James Nangachiveettil
Sebastian Narakathara
Jose Neelathumookil
Jacob Nellikkunnath

V. Rev. & Rev. Fathers

Emmanuel Nelluvelil
Louis Neriamparampil
Mathew Njallathuvayalil
Gregory Onamkulam (Sr.)
George Oonnukallil
Sebastian Orikompil
Sebastian Ozhukayil
Thomas Padinjareveettil
James Palackal
Joseph Palakunnel
Mathew Panthappally
Antony Parakuzhy
Augustine Parekalam
Gregory Paruvaparampil
Joseph Pathalil
Mathew Pathiparampil
George Pazhayapura
Mathew Pulickaparampil
Joseph Puthenpura
Kurian Puthenpura
Mathew Puthenpura
Thomas Puthenpurackal
Mani Puthiyidam
Zacharias Puthuparampil
Thomas Sauriamkuzhy
George Srampickal
John Thadathil
Mathew Thanniath
Thomas Thekkekara
Thomas Thekkekottaram
John Thekkel
Joseph Thevaril
Jacob Thottanani
Joseph Thumpayil
George Vadakkedam
Philips Vadakkekalam
Chacko Valiaveettil
Thomas Vallianippuram

| V. Rev. & Rev. Fatders | V. Rev. & Rev. Fathers |
|---|---|
| Francis Vaniapura | Louis Vellanickal |
| Varghese Vaniapura | Joseph Vetticad |
| Joseph Vattakkalam | Mathew Vettithanath |
| George Vavanikunnel | Sebastian Viruppel |
| Jose Vayalar | Mathew Vakkayil |

## IInd Batch Sept. 24—28

| | |
|---|---|
| Jacob Acrathedam | Damionose Kocherry |
| George Alencherry | Joseph Kochukarott |
| Joseph Alencherry | George Kochuparampil |
| Joseph Alummoottil | Philip Kodianthara |
| Thomas Alumparampil | Varghese Kodickal |
| Mathew Anchil | Augustine Kollaparampil |
| Jacob Anchupankil | Isaac Kollappally |
| Antony Chekkathara | Cyriac Kolangottil |
| Thomas Chekkonthayil | Jose Kottaram |
| Jose Chennattusserry | Thomas Kottaram |
| Joseph Chirakadavil | Jose Kottayil |
| Zacharias Choorakkatt | George Kunnathett |
| Mathew Chooravady | Xavier Kunniparampil |
| George Edathinakam | Thomas Kunnumpuram |
| Jacob Edayalil | Joseph Kunnuparampil |
| Antony Elechengalam | Thomas Kurialacherry |
| Abraham Kadathukalam | John Kuzhimannil |
| Varghese Kaithaparampil | Paul Kuzhivelikalam |
| George Kalathil | Jacob Lanithottam |
| Mathew Kalathil | George Madathiparampil |
| Joseph Kalayil | Thomas Maleyil |
| Varghese Kalayil | John Manakunnel |
| Antony Kamukumpally | Joseph Mathoor |
| Xavier Kandankerry | Thomas Mattappallil |
| Thomas Kanjirathummoottil | Mathew Mattam |
| James Kattuparampil | Mathew Meprath |
| Mathew Kavumkal | James Mulackal |
| Jacob Kayyalakam | Xavier Mundattuchundayil |
| Thomas Kezhakekutt | Gregory Naduviledom |
| Thomas Kochelechengalam | Thomas Nellikkunnath |

V. Rev & Rev. Fathers
Sebastian Nelluvelil
Philip Nelpuraparampil
Antony Nereyath
George Noozhaithadam
Mathew Odalany
George Olakappady
Benedict Onamkulam
Gregory Onamkulam (Jr.)
Varghese Onayathumkuzhy
Cherian Palakunnel
Alexander Palamattam
Dominic Palathinkal
Joseph Panakezham
Joseph Paracherry
Joseph Parappallil
Luke Peediackel
John Peelianikal
Joseph Perumthottam
Joseph Poovathusserry
Antony Porookara
Mathew Powanchira
Thomas Powathuparampil
Joseph Pulickel
Sebastian Punnasserry
Mathew Puthanangady

V. Rev. & Rev. Fathers
Xavier Puthenkalam
Joseph Puthenparampil
Varghese Puthenpura
Joseph Puthuparampil
Xavier Puthuparampil
Joseph Puthuveettikalam
Joseph Thazhath
Jose Thekkedam
Joseph Thoompunkal
Thomas Thumpayil
George Thundiyil
Thomas Thykattusserry
Zacharias Vachaparampil
Jose Vadakkethala
Francis Vadakkettam
Philip Vaikathukaran
Jose Valliara
Joseph Vaniapura
George Vathyakari
Jacob Vattackatt
James Vetticad
Abraham Vettuvayalil
Mathew Mattappallil
Antony Nadackal
Alex Palamattam

# സന്ദേശനിലയം

**അജപാലന-മതബോധന കേന്ദ്രം**

## അറിയിപ്പുകൾ

ആഗസ്റ്റ് 1, 2 തീയതികൾ- ഹയർ കോഴ്സ് അദ്ധ്യാപകർക്ക് ക്യാമ്പ്. 1-ാം തീയതി 6 P.M. ന് ആരംഭിച്ച് 2-ാം തീയതി 3. 30 P.M. ന് അവസാനിക്കുന്നു.

സ്ഥലം– സന്ദേശനിലയം രജി. ഫീസ് 15- രൂപ.

,, 2 വ്യാഴം - C. L. T. X th ബാച്ചിന്റെ പരീക്ഷ

,, 11 ശനി C L T XI -ാം ബാച്ച് ക്ലാസ്

സ്ഥലം - സന്ദേശനിലയം

9. 30 A.M. ന് ആരംഭിക്കുന്നു.

,, 14-ചൊവ്വാ സർവ്വീസ് ബുക്ക് പരിശോധനയ്ക്കു സമർപ്പിക്കേണ്ട അവസാന ദിവസം.

,, 23–വ്യാഴം- സന്ദേശ നിലയം സ്റ്റാഫിനു മാസ ധ്യാനം, ഓഫീസും ബുക്ക്സ്റ്റാളും പ്രവർത്തിക്കുന്നതല്ല.

സെപ്റ്റംബർ 1 മുതൽ 5 വരെ C. L. T. XI- ാം ബാച്ചിന്റെ Ist ക്യാമ്പ്. 1-ാം തീയതി 6 PM ന് ആരംഭിച്ച് 5-ാം തീയതി 1 P M ന് അവസാനിക്കുന്നു.

സ്ഥലം: M. O. C. മാങ്ങാനം

രജി. ഫീസ്: 80/- രൂപ

,, 8- ശനി C. L. T. X-ാം ബാച്ച് പ്രബന്ധം സമർപ്പിക്കേണ്ട അവസാന ദിവസം

,, 8- ബൈബിൾ കലോത്സവ കമ്മററി

സ്ഥലം- സന്ദേശനിലയം, സമയം 10 A M

സൺഡേസ്കൂൾ 3-ാം ക്ളാസിന്റെ സിലബസ് താഴെ ചേർക്കുന്നു.

ടേം - I — 1 മുതൽ 6 വരെ പാഠങ്ങൾ

ടേം - II — 7 മുതൽ 13 വരെ പാഠങ്ങൾ

ടേം - III — 14 ,, 19 വരെ ,,

## മതാദ്ധ്യാപക നേതൃ സമ്മേളനം

1990–91 മതബോധന വർഷത്തെ മതാദ്ധ്യാപക നേതൃ സമ്മേളനം No. 1 1990 ജൂലൈ 4-ാം തീയതി സന്ദേശനിലയം പാസ്റ്ററൽ സെൻററിൽ വച്ചു നടത്തപ്പെട്ടു. അതിരൂപതയിലെ വിവിധ സൺഡേസ്ക്കൂളുകളിലെ ഹെഡ്മാസ്ററർമാർ, പ്രൊമോട്ടേഴ്സ്, വിവിധ കമ്മററി അംഗങ്ങൾ എന്നിവർ പങ്കെടുത്തു. സമ്മേളനം രാവിലെ 9. 30ന് മി. സോണി കണ്ടങ്കരി നയിച്ച പ്രാർത്ഥനയോടെ ആരംഭിച്ചു. തുടർന്ന് എം. വി. കുര്യാക്കോസ് മാളിയേക്കൽ സ്വാഗതം ആശംസിച്ചു. റവ. ഡോ. ജോസഫ് മുണ്ടകത്തിൽ (ജോ. ചാൻസിലർ) മാർഗ്ഗനിർദ്ദേശക പ്രസംഗം നടത്തി. ഉച്ചകഴിഞ്ഞു നടന്ന സമ്മേളനത്തിൽ അഭിവന്ദ്യ പിതാവ് മാർ ജോസഫ് പവ്വത്തിൽ അദ്ധ്യക്ഷനായിരുന്നു.

1989-90 വർഷത്തെ അതിരൂപതയിലെ ഏററവും നല്ല സൺഡേസ്ക്കൂളായി സെ. ജോർജ് വെളിക്കരച്ചിറയും, സെക്കൻറ് ബെസ്ററായി സെൻററ് മേരീസ് കുടമാളൂരും മോഡൽ സൺഡേസ്ക്കൂളുകളായി മാർ സ്ളീവാ പഴവങ്ങാടി, സെൻററ് മേരീസ് അതിരമ്പുഴ, സെൻററ് മേരീസ് ഇത്തിത്താനം, സെൻററ് ജോസഫ്സ് വെരൂർ, സെൻററ് മേരീസ് മെത്രാപ്പോലീത്തൻ ചങ്ങനാശേരി, സെ. ആൻറണീസ് കുറുമ്പനാടം, സെൻററ് ജോൺസ് നെടുങ്കുന്നം എന്നിവ തിരഞ്ഞെടുത്തു. തിരഞ്ഞെടുക്കപ്പെട്ട സൺഡേസ്ക്കൂളുകൾക്കു അഭിവന്ദ്യപിതാവ് ട്രോഫിയും സർട്ടിഫിക്കററുകളും വിതരണം ചെയ്തു. അതിരൂപതയിലെ സ്കോളർഷിപ്പു പരീക്ഷയിൽ വിജയികളായ കുട്ടികൾക്ക് കാഷ് അവാർഡുകളും, സർട്ടിഫിക്കററുകളും പ്രസ്തുത സമ്മേളനത്തിൽവച്ച് പിതാവ് നൽകി. അതിരൂപത പ്രൊമോട്ടേഴ്സ് കോൺഫറൻസ് സെക്രട്ടറി ജോസിക്കുട്ടി സ്കറിയാ കൃതജ്ഞത രേഖപ്പെടുത്തി. അതിരൂപതയുടെ വിവിധ സ്ഥലങ്ങളിൽ നിന്നുമായി നാനൂറോളം പേർ സമ്മേളനത്തിൽ പങ്കെടുത്തു.

തെക്കൻ മേഖലയിലെ ബെസ്ററ് സൺഡേസ്ക്കൂളായി സെൻററ് മേരീസ് ആര്യൻകാവും, മോഡൽ സൺഡേസ്ക്കൂളായി സെൻററ് മേരീസ് ഡാൽമുഖവും തിരഞ്ഞെടുക്കപ്പെട്ടു.

## പ്രത്യേക അറിയിപ്പ്

സൺഡേസ്ക്കൂൾ രജിസ്ററുകളിൽ മാമ്മോദീസാ പേര് അവശ്യാവശ്യമാണ്. എന്നാൽ സർട്ടിഫിക്കററുകൾ ഫലപ്രദമാകുന്നതിന് മാമ്മോദീസാ പേരിനോടൊപ്പം റഗുലർ

സ്ക്കൂൾ റിക്കാഡുകളിൽ കുട്ടികൾക്കുള്ള പേരുകൂടി നൽകേണ്ടതാണ്. ആകയാൽ സൺഡേസ്ക്കൂൾ കേന്ദ്ര ഓഫീസിലേക്കു തരുന്ന 8, 9, ക്ളാസുകളിലെ മാർക്കു ലിസ്ററുകൾ, 10-ാം ക്ളാസ് വിദ്യാർത്ഥികളുടെ ലിസ്ററ്, മാർക്കു ഷീററുകൾ, സർട്ടിഫിക്കററ് ബുക്കുകൾ, കലാമത്സരത്തിനുള്ള ലിസ്ററുകൾ H. C. C. വിദ്യാർത്ഥികളുടെയും, 10-ാം ക്ളാസ് വിദ്യാർത്ഥികളുടെയും പരീക്ഷയുടെയും, സ്കോളർഷിപ്പ് പരീക്ഷയുടെയും ഫെയിസിംഗ് ഷീററുകൾ, H C C ലേഖനങ്ങൾ പ്രബന്ധങ്ങൾ എന്നിവയിൽ കുട്ടികളുടെ പേരു ചേർക്കേണ്ട സ്ഥലങ്ങളിൽ റഗുലർ സ്ക്കൂൾ റിക്കാഡുകളിൽ ചേർത്തിരിക്കുന്ന പേരുകൂടി ചേർത്തിരിക്കണം.

സൺഡേസ്ക്കൂൾ ഒന്നാം ക്ലാസിലെ കുട്ടികളുടെ മതപഠനം കൂടുതൽ അസ്വാദ്യകരമായി നടത്തുവാൻ ഉപകരിക്കുന്ന കാസററ് സന്ദേശനിലയത്തിൽ എത്തിച്ചേർന്നിട്ടുണ്ട്. വില 32 /- രൂപയാണ്. ഈ അവസരം പ്രയോജനപ്പെടുത്തുവാൻ സൺഡേസ്ക്കൂളുകൾ ശ്രദ്ധിക്കുമല്ലൊ.

ബഹു. നടയ്ക്കലെച്ചൻെറ 'എൻെറ ഓട്ടം' എന്ന പുസ്തകം സന്ദേശനിലയത്തിൽ നിന്നും ലഭിക്കുന്നതാണ്. നമ്മുടെ അതിരൂപതാ സൺഡേസ്ക്കൂളുകളുടെ സമ്പൂർണ്ണചരിത്രം ഉൾക്കൊള്ളുന്ന ഈ മഹത്ഗ്രന്ഥം സ്വന്തമാക്കുവാൻ ഈ അവസരം പ്രയോജനപ്പെടുത്തുക.

സസ്നേഹം

ഡയറക്ടർ

# ഫാമിലി അപ്പോസ്തലേററ്

## ആഗസ്ററ് മാസ പരിപാടികൾ

ആഗസ്റ്റ് 1 — ഫാമിലി അപ്പോസ്തലേററ് സംയുക്ത ആലോചനാ യോഗം 3 p. m.

2 — മാതൃജ്യോതിസ് അതിരൂപതാ മത്സരങ്ങൾ കാവുകാട്ടുഹാളിൽ

3, 4, 5 — കുടുംബനവീകരണ ധ്യാനം, അതിരമ്പുഴ

4 വിവാ. സ്ത്രീകൾക്ക സെമിനാർ കട്ടച്ചിറ

5 — വിവാ. പുരുഷന്മാർക്ക സെമിനാർ കട്ടച്ചിറ
— വിവാ. സ്ത്രീപുരുഷന്മാർക്ക സെമിനാർ പുല്ലങ്ങടി

6 — പ്രീ-മാരിററൽ കൗൺസലിംഗ്

7 — വിവാ. സ്ത്രീകൾക്ക സെമിനാർ പറാൽ

8 — കുടുംബപ്രേഷിതത്വ ഉത്തേജന പരിപാടി കോട്ടയം

9 — പി ററി. എ. ക്ലാസ്സ് കുറുമ്പനാടം

10,11,12 — കുടുംബ നവീകരണ ധ്യാനം ഇത്തിത്താനം

12 — വിവാ. പുരുഷന്മാർക്ക് സെമിനാർ തെക്കേക്കര
— വിവാ. സ്ത്രീപുരുഷന്മാർക്ക് സെമിനാർ മങ്കൊമ്പ്

13 — പ്രീ-മാരിററൽ കൗൺസലിംഗ്

14 — കുടുംബനവീകരണ പ്രഭാഷണം പൂങ്കാവ്

15 — വിവാ. സ്ത്രീപുരുഷന്മാർക്ക് സെമിനാർ തകഴി

16 — കുടുംബപ്രേഷിതത്വ ഉത്തേജന പരിപാടി കേളമംഗലം
— കുടുംബനവീകരണ പ്രഭാഷണം കുടമാളൂർ

17,18,19 — കുടുംബനവീകരണധ്യാനം തോട്ടവാത്തല

19 — വിവാ. പുരുഷന്മാർക്ക് സെമിനാർ ആലപ്പുഴ

24 — തിരുഹൃദയ സന്യാസിനികൾക്ക് ഫാമിലി അപ്പോ. ക്ലാസ്സ്

25 — ദമ്പതികൾക്ക ക്ലാസ്സ് താഴത്തങ്ങാടി
വിവാ. സ്ത്രീകൾക്ക സെമിനാർ പായിപ്പാട്ട് ലൂർദ്ദ് പള്ളി

26 — വിവാ. സ്ത്രീപുരുഷന്മാർക്ക സെമിനാർ കിളിരൂർ

ആഗ. 26 വിവാ. സ്ത്രീപുരുഷന്മാർക്കു സെമിനാർ പൊടിപ്പാറ
31, സെപ്റ്റ. 1,2 — കുടുംബ നവീകരണ ധ്യാനം മിത്രക്കരി

## മാതൃജ്യോതിസ് വാർഷിക കൺവെൻഷൻ

നമ്മുടെ അതിരൂപതാ മാതൃജ്യോതിസ്സിന്റെ പത്താമത്തു വാർഷിക കൺവെൻഷൻ സെപ്റ്റംബർ മാസം 11-ാം തീയതി ചൊവ്വാഴ്ച, ചങ്ങനാശേരി, ആർച്ചുബിഷപ്പ് കാവുകാട്ടുഹാളിൽ വച്ച് വിവിധ പരിപാടികളോടെ ആഘോഷിക്കുകയാണ്. രാവിലെ 9.30ന് അതിരൂപതാ പ്രസിഡണ്ട് പതാക ഉയർത്തുന്നതോടെ പരിപാടികൾ ആരംഭിക്കും. തുടർന്നു നടക്കുന്ന പൊതുസമ്മേളനം 'നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറിലോസ് ഉദ്ഘാടനം ചെയ്യും. വിവിധ യൂണിററുകളുടെ കലാപരിപാടികൾ ഉച്ചകഴിഞ്ഞ് നടത്തപ്പെടുന്നതാണ്. കൺവെൻഷന്റെ വിജയത്തിനായി ബഹു. വികാരിയച്ചന്മാരും ആനിമേററർമാരും യൂണിററംഗങ്ങളും പ്രത്യേകം പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യണമെന്നും കഴിയുന്നിടത്തോളം അംഗങ്ങളുടെ സാന്നിദ്ധ്യം ഇതിൽ ഉണ്ടാകണമെന്നും പ്രത്യേകം താല്പര്യപ്പെടുന്നു.

## സന്യാസിനികൾക്കായുള്ള കുടുംബപ്രേഷിതത്വ കോഴ്സ്

നമ്മുടെ അതിരൂപതയിലെ സന്യാസിനികളെ മാത്രം ഉദ്ദേശിച്ച് ഇദംപ്രഥമമായി ഒരു കുടുംബപ്രേഷിതത്വ പരിശീലന കോഴ്സ് സെപ്റ്റംബർ 3 മുതൽ നടത്തപ്പെടുകയാണ്. സാധിക്കുന്നിടത്തോളം സന്യാസിനികൾ ഇതിൽ സംബന്ധിക്കണേ!

ലൂയീസച്ചൻ

# സാമൂഹിക വികസനതലം

## സി. എസ്. എസ്. നിർവ്വാഹക സമിതി

ചങ്ങനാശേരി സോഷ്യൽ സർവ്വീസ് സൊസൈററിയുടെ പുതുതായി തിരഞ്ഞെടുക്കപ്പെട്ട 1990-93 വർഷങ്ങളിലേക്കുള്ള ഭരണ സമിതി അംഗങ്ങളുടെ ആദ്യ മീററിംഗ് 1990 ജൂലൈമാസം 14-ാം തീയതി അതിരൂപതാ പാസ്ററൽ സെൻററിൽ വച്ചു കൂടി സൊസൈററിയുടെ 1990-91 വർഷത്തിലേക്കുള്ള പ്രവർത്തനപരിപാടികൾക്ക് രൂപം നൽകി. ഇടവകതല പ്രാദേശിക സോഷ്യൽ സർവ്വീസ് സൊസൈററികളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി വിവിധ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കാൻ യോഗം തീരുമാനിച്ചു. പ്രാദേശിക സമിതികൾ രൂപീകരിച്ചിട്ടില്ലാത്ത ഇടവകകളിൽ എത്രയും പെട്ടെന്ന് സമിതികൾ രൂപീകരിക്കാൻ നടപടികൾ സ്വീകരിക്കണമെന്നും തീരുമാനിച്ചു. പ്രാദേശിക സമിതികളുടെ പ്രവർത്തനങ്ങൾ കേന്ദ്ര സൊസൈററിയിൽ യഥാസമയം അറിയിക്കാനുള്ള നടപടികൾ സ്വീകരിക്കാനും, വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പ്രാദേശിക സമിതികൾക്ക് റിപ്പോർട്ട് ഫോം പ്രിൻറ് ചെയ്തു കേന്ദ്ര ഓഫീസിൽ നിന്നും അയച്ചുകൊടുക്കാനും തീരുമാനിച്ചു. പുതിയ ഭരണസമിതിയുടെ ലിസ്ററ് ചുവടെ ചേർക്കുന്നു.

1 വെരി. റവ. ഫാ. മാത്യു പുളിക്കപ്പറമ്പിൽ – പ്രസിഡൻറ്
2 റവ. ഫാ. ഫിലിപ്പ് വൈക്കത്തുകാരൻ - സെക്രട്ടറി
3 റവ. ഫാ. ജോസ് നീലത്തുംമുക്കിൽ – ജോ. സെക്രട്ടറി
4 വെരി റവ. ഫാദർ ജേക്കബ് തോട്ടനാനി – ,,
5 മി. കെ. സി. ജോസഫ്, താഴത്ത് കുടമാളൂർ - ക. മെമ്പർ
6 മി. കെ. വി. ജോർജ്, കുറുകാട്ടുമൂലയിൽ എടത്വാ ,,
7 മി. ബേബൻ വെട്ടികാട്, നാലുകോടി - ,,
8 മി. കെ. ഇ. ചാക്കോ, കാവാലം, കരിക്കാട്ടൂർ പി ഒ. ,,
9 സി. പാട്രിക് S D, മേഴ്സി ഹോം, ചെത്തിപ്പുഴ ,,
10 ഡോ. തോമസ് എബ്രഹാം മഹാത്മാഗാന്ധി യൂണിവേഴ്സിററി കോട്ടയം ,,
11 മി. റൂബിൾ രാജ് എസ്. ബി. കോളജ്, ചങ്ങനാശേരി ,,

## സി. എസ്. എസ്. എസ്.
## യുവദീപ്തി സംയുക്ത മീററിംഗ്

ചങ്ങനാശേരി അതിരൂപതാ യുവദീപ്തിയുമായി സഹകരിച്ച് ഇടവക തലത്തിൽ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതിനായി ചങ്ങനാശേരി സോഷ്യൽ സർവ്വീസ് സൊസൈററിയുടെയും യുവദീപ്തിയുടെയും ബന്ധപ്പെട്ട ഭാരവാഹികൾ ജൂലൈ മാസം 5-ാം തീയതി ഒരുമിച്ചുകൂടി ചർച്ച നടത്തി. ഇടവകതലത്തിൽ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ ഏറെറടുത്തു നടത്തുമ്പോൾ യുവദീപ്തിക്ക് അർഹമായ പ്രാതിനിധ്യം നൽകുവാൻ യോഗം തീരുമാനിച്ചു. യുവജനങ്ങളെ സാമൂഹ്യക്ഷേമ പ്രവർത്തനരംഗത്തേക്ക് കൂടുതൽ അടുപ്പിക്കുവാനും യോഗം തീരുമാനിച്ചു. ഫൊറോനാ തലത്തിൽ യുവജനങ്ങൾക്ക് സാമൂഹ്യവികസന പ്രവർത്തനങ്ങളെക്കുറിച്ചു മനസിലാക്കിക്കൊടുക്കുവാൻ സൊസൈററിയുടെ പ്രോജക്ട് ഓഫീസേഴ്സിനെ ചുമതലപ്പെടുത്തി. യോഗത്തിൽ സൊസൈററിയെ പ്രതിനിധീകരിച്ച് ഡയറക്ടർ ഫാ. ഫിലിപ്പ് വൈക്കത്തുകാരൻ, ഓഫീസ് സെക്രട്ടറി മി. ജോസ് പുതുപ്പള്ളി, പ്രോജക്ട് ഓഫീസേഴ്സായ മി. ജോബി മാത്യു, മി. ജോസ് കുഞ്ചെറിയ എന്നിവർ പങ്കെടുത്തു. യുവദീപ്തിയെ പ്രതിനിധീകരിച്ച് ഡയറക്ടർ ഫാ. തോമസ് വള്ളിയാനിപ്പുറവും മററു ഭാരവാഹികളും യോഗത്തിൽ പങ്കെടുത്തു.

## സാക്ഷരതാ പരിപാടി

സമ്പൂർണ്ണ സാക്ഷരതാ പദ്ധതിയുടെ ഭാഗമായി ചങ്ങനാശേരി സോഷ്യൽ സർവ്വീസ് സൊസൈററി ദത്തെടുത്തു പ്രവർത്തിച്ചുവരുന്ന കോളനികളിലെ നിരക്ഷരരായ ജനങ്ങളെ പഠിപ്പിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഇൻസ്ട്രക്ടേഴ്സിനായി ഒരു ഏകദിന സെമിനാർ അതിരൂപതാ പാസ്ററൽ സെൻററിൽ വച്ച് ജൂലൈമാസം 14-ാം തീയതി നടത്തുകയുണ്ടായി. പാപ്പൻചിറ, ചേലച്ചിറ, മണികണ്ഠവയൽ, പുളിയാംകുന്ന്, പാലമററം, വെങ്കോട്ട, വെട്ടിത്തുരുത്ത്, കടമാൻചിറ എന്നീ കോളനികളിൽ നിന്നും മൊത്തം 45 പേർ സെമിനാറിൽ പങ്കെടുത്തു.

## TMCHEP Training-

TMCHEP പ്രോഗ്രാം നടന്നുകൊണ്ടിരിക്കുന്ന സ്ഥലങ്ങളിൽ നിന്നും പുതിയതായി തെരഞ്ഞെടുക്കപ്പെട്ട അസി

സ്റ്റൻസിനായി ഒരു ട്രെയിനിംഗ് പ്രോഗ്രാം ജൂലൈ മാസം 9,10,11 തീയതികളിൽ പാസ്റ്ററൽ സെൻററിൽവെച്ചു നടത്തുകയുണ്ടായി. ചങ്ങനാശേരി അതിരൂപതയിലും തിരുവല്ലാ രൂപതയിലും നിന്നുമുള്ള 17 പേർ അതിൽ സംബന്ധിച്ചു. പ്രോഗ്രാം കോ-ഒർഡിനേറ്റർ മിസിസ് ഏത്സമ്മ ജേക്കബ് ട്രെയിനിംഗിനു നേതൃത്വം നൽകി.

A WARD ചങ്ങനാശേരി അതിരൂപതയുടെ പ്രവർത്തന മേഖലയിൽ വരുന്ന നാനാജാതിമതസ്ഥരായ സ്ത്രീജനങ്ങളുടെ സമഗ്ര പുരോഗതി ലക്ഷ്യം വച്ചുകൊണ്ട് AWARD (ആർച്ച് ഡയസിഷൻ വിമൻസ് അസോസിയേഷൻ ഫോർ റൂറൽ ഡവലപ്മെൻറ്) എന്ന പേരിൽ ഒരു പുതിയ മഹിളാ സംഘടനയ്ക്ക് രൂപം കൊടുത്തിരിക്കുന്ന വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. പ്രാദേശിക തലത്തിൽ രൂപീകൃതമായിരിക്കുന്ന മഹിളാ സമാജങ്ങളുടെ പ്രവർത്തനങ്ങൾ അതിരൂപതാതലത്തിൽ ഏകീകരിച്ചു നടത്തുന്നതിനും വേണ്ട മാർഗ്ഗനിർദ്ദേശങ്ങളും മററു സഹായങ്ങളും നൽകുന്നതിനായി രൂപീകരിച്ചിരിക്കുന്ന ഈ പ്രസ്ഥാനം ട്രാവൻകൂർ കൊച്ചിൻ ചാരിററബിൾ സൊസൈററീസ് രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് S No. 222 / 90 എന്ന നമ്പരിൽ രജിസ്ററർ ചെയ്തിട്ടുള്ളതാകുന്നു. ഇതിൻെറ ആസ്ഥാനം പാസ്റററൽ സെൻറർ ആയിരിക്കും.

## ക്രെഡിററ് യൂണിയൻ

ഇടവകയിലെ പ്രാദേശിക സമിതികളിൽ ലഘുസമ്പാദ്യപദ്ധതി പുരോഗമിച്ചുവരുന്ന സാഹചര്യത്തിൽ ക്രെഡിററ് യൂണിയനുകൾ തുടങ്ങി പാവപ്പെട്ട ജനങ്ങളുടെ സാമ്പത്തിക ഭദ്രത ഉറപ്പു വരുത്തുവാൻ തീരുമാനിച്ചു. ലഘു സമ്പാദ്യപദ്ധതിയിൽ ഏററം മുൻപന്തിയിൽ നിൽക്കുന്ന 25 സെൻററുകളിൽ ക്രെഡിററു യൂണിയനുകൾ തുടങ്ങുവാനാണ് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്. ഇതിൻെറ ഭാഗമായി കുറിച്ചി, മാടപ്പള്ളി, പൊടിപ്പാറ, കുറുമ്പനാടം, കുടമാളൂർ എന്നീ സ്ഥലങ്ങളിൽ ക്രെഡിററ് യൂണിയൻ സംസ്ഥാന ഓർഗനൈസർ മി. അലക്സ് സന്ദർശിക്കുകയും ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്തു. ആഗസ്ററ് മാസം അവസാനത്തോടുകൂടി തിരഞ്ഞെടുക്കപ്പെട്ട 20 സെൻററുകളിലും ക്രെഡിററു യൂണിയൻ തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു,

**ഫാ. ഫിലിപ്പ് വൈക്കത്തുകാരൻ**
**സെക്രട്ടറി**

# കെ. സി. എസ്. എൽ.

## വാർത്തകൾ

### പ്രതിഭ

ഈ അദ്ധ്യയന വർഷത്തിലെ പ്രതിഭ ഒന്നാം ലക്കം പ്രസിദ്ധീകരിച്ചിരിക്കുന്നു. പ്രതിഭ ഇതുവരെയും ലഭിക്കാത്ത യൂണിററുകൾ ഓഫീസിൽ നിന്നു വാങ്ങിക്കണമെന്നു് ഓർമ്മിപ്പിക്കുന്നു.

### കെ. സി. എസ്. എൽ. സ്ററുഡൻസ് മാനുവൽ

എല്ലാ കത്തോലിക്കാ വിദ്യാർത്ഥികൾക്കും കെ. സി. എസ്. എൽ. മെമ്പർഷിപ്പ്, ഐഡൻറിററി കാർഡ്, അനുദിന പ്രാർത്ഥനകൾ ആത്മശോധന എന്നിവ അടങ്ങുന്ന സ്ററുഡൻറ്സ് മാനുവൽ നല്കുന്നതാണ്. ഒന്നാം ടേമിൽ തന്നെ ഇവ ഓഫീസിൽ നിന്നും വാങ്ങി വിതരണം ചെയ്യേണ്ടതാണ്.

### കെ. സി. എസ്. എൽ. ബുള്ളററിൻ

ഈ വർഷത്തെ കെ. സി. എസ്. എൽ. പ്രവർത്തനങ്ങൾ അടങ്ങിയ ബുള്ളററിൻ പ്രസിദ്ധീകരിച്ചിരിക്കുന്നു. കെ. സി. എസ്. എൽ. സ്കൂൾ ലീഡേഴ്സ്, ആനിമേറേറഴ്സ് എന്നിവക്കു് ബുള്ളററിൻ നല്കുന്നതാണ്. ബുള്ളററിനിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ യഥാസമയം യൂണിററുകളിൽ നടപ്പിലാക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുമല്ലോ.

### ബൈബിൾ ചിത്രകഥകൾ

കെ. സി. എസ്. എൽ. ൻെറ ആഭിമുഖ്യത്തിൽ കുറഞ്ഞ വിലയ്ക്കു് ബൈബിൾ ചിത്രകഥകൾ സ്കൂളുകളിൽ വിതരണം ചെയ്തു വരുന്നു. ആവശ്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുക.

### ആഗസ്ററ് മാസത്തെ പരിപാടികൾ

ആഗസ്റ്റ് 3, 4, 5 തീയതികളിൽ നടത്താനിരുന്ന ചമ്പക്കുളം പുളിങ്കുന്നു സോണൽ കെ. സി. എസ്. എൽ. ക്യാമ്പ് സെപ്ററംബർ 7, 8, 9 തീയതികളിലേയ്ക്കു് (ഓണം അവധിക്കാലത്തു്) മാററിവച്ചിരിക്കുന്നു.

10,11,12 അമ്പൂരി മേഖലാ കെ. സി. എസ്. എൽ. ക്യാമ്പ് (അമ്പൂരിയിൽ വച്ചു്)

ആഗസ്ററ് ആദ്യവാരത്തിൽ തന്നെ സ്ററുഡൻസ് മാനുവൽ, ബുള്ളററിൻ എന്നിവ വിതരണം ചെയ്യുന്നതാണ്.

1-3 സ്കൂൾ സന്ദർശനം

7-9 സ്കൂൾ സന്ദർശനം തിരുവനന്തപുരം അമ്പൂരി സോൺ

13-17 ചമ്പക്കുളം, പുളിങ്കുന്നു സോൺ സ്കൂൾ സന്ദർശനം.

# മിഷൻ ലീഗ്

പ്രിയ സഹപ്രവർത്തകരെ,

അൽഫോൻസാമ്മയുടെ തിരുനാൾ വേണ്ടവിധം ആചരിച്ച് കാണുമല്ലോ. ആഗസ്റ്റ് 18-ാം തീയതി കുടമാളൂർ അൽഫോൻസാ ജന്മഗൃഹത്തിലേക്ക് നാം നടത്തുന്ന തീർത്ഥാടന പദയാത്രയുടെ കാര്യം ഓർമ്മിക്കുമല്ലോ? പ്രാർത്ഥനാ പൂർവ്വമായ പ്രസ്തുത പരിപാടിയിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ അതിനായിട്ടൊരുങ്ങിവേണം വരുവാൻ. സ്വന്തം തീരുമാനത്താൽ നല്ല നിയോഗത്തോടെ മാത്രമേ പ്രസ്തുത യജ്ഞത്തിൽ പങ്കെടുക്കുവാൻ പാടുള്ളു. വിശദവിവരങ്ങളോടുകൂടിയ നോട്ടീസ് താമസിയാതെ നിങ്ങളുടെ ശാഖകളിൽ എത്തുന്നതാണ്. ആഗസ്റ്റ് ഒന്നു മുതൽ തീർത്ഥാടനത്തിന്റെ വിജയത്തിനായുള്ള പ്രത്യേക പ്രാർത്ഥനകൾ നടത്തേണ്ടതാണ്. ''ഇളം തലമുറയുടെ വിശുദ്ധീകരണം'' എന്ന നിയോഗത്തിൽ പ്രാർത്ഥനകൾ ചൊല്ലിയും ഗാനങ്ങൾ ആലപിച്ചും ഭക്തിപൂർവ്വം തീർത്ഥാടനത്തിൽ സംബന്ധിക്കുവാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ? പദയാത്രയ്ക്ക് ഒരുക്കമായി കഴിഞ്ഞ വർഷം ദേശീയ വാർഷികത്തിന് ഉപയോഗിച്ച പ്രേഷിത രാഗം എന്ന കാസററിലെ ഗാനങ്ങൾ എല്ലാ ശാഖകളിലും പരിശീലിക്കുമല്ലോ?

പതിനഞ്ചു നോമ്പ് കഴിഞ്ഞ വർഷത്തെതുപോലെ ആചരിക്കുവാൻ ശ്രദ്ധിക്കുമല്ലോ? സെപ്റ്റംബർ 1-ാം തീയതി മുതൽ 8-ാം തീയതിവരെ കഴിഞ്ഞ വർഷത്തെതുപോലെ എട്ടുനോമ്പാചരിക്കുന്നതും മറക്കരുത്. എല്ലാ പ്രവർത്തനങ്ങൾക്കും വിജയാശംസകളോടെ,

സസ്നേഹം

മാണിയച്ചൻ

## അറിയിപ്പുകൾ

1 ആഗസ്റ്റ് 1 മുതൽ 15 വരെ പതിനഞ്ചു നോമ്പാചരണം ശാഖകളിൽ നടത്തുക. അംഗങ്ങൾ എല്ലാ ദിവസവും വി. കുർബാനയിൽ സംബന്ധിക്കുന്നതിനും വി. കുർബാന സ്വീക

രിക്കുന്നതിനും ശ്രദ്ധിക്കുക. നോമ്പുകാലത്തെ ത്യാഗത്തിലൂടെ മിഷൻ ചാപ്പലിനായുള്ള ഫണ്ടു രൂപീകരിക്കുക.

2 കുടമാളൂർ തീർത്ഥാടന പദയാത്രയുടെ വിജയത്തിനായുള്ള പ്രത്യേക പ്രാർത്ഥന 1 മുതൽ 18 വരെ തീയതികളിൽ നടത്തുക. പ്രാർത്ഥന ഇനിയും ലഭിക്കാത്തവർ അതിരൂപതാ ഓഫീസിൽ നിന്നും വാങ്ങേണ്ടതാണ്.

3 മിഷൻ ലീഗ് ഓർഗനൈസേഴ്സ് ട്രയിനിംഗ് (M. O. T) കോഴ്സ് 3-ാം ബാച്ചിന്റെ ഉദ്ഘാടനം 1-ാം തീയതി വൈകുന്നേരം 6 മണിക്ക് സന്ദേശനിലയം പാസ്റ്ററൽ സെന്ററിൽ നടക്കും. 2-ാം തീയതി വൈകുന്നേരം 4 മണിവരെ ക്ലാസുണ്ടായിരിക്കും.

4 ആഗസ്റ്റ് 15 ബുധനാഴ്ച മാതാവിന്റെ സ്വർഗ്ഗാരോപണം — ശാഖകളിൽ പൊതു ദിവ്യകാരുണ്യ സ്വീകരണവും പ്രത്യേക സമ്മേളനവും നടത്തുക.

5 പതിനഞ്ചു നോമ്പാചരണത്തിലൂടെ മിഷ്യൻ ചാപ്പലിനായി സംഭരിച്ച തുക ആഗസ്റ്റ് 25-നകം അതിരൂപതാ ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

6 **അതിരൂപതാ കലാസാഹിത്യ മത്സരങ്ങൾ**: അതിരൂപതാ സാഹിത്യമത്സരം സെപ്റ്റംബർ 11-ാം തീയതിയും കലാ മത്സരങ്ങൾ 21-ാം തീയതിയും നടത്തുന്നതാണ്. മത്സരത്തിൽ പങ്കെടുക്കുന്നവരുടെ ലിസ്റ്റ് ആഗസ്റ്റ് 30-നു മുമ്പായി അതിരൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്. (മത്സരങ്ങളുടെ നിയമാവലി വായിക്കുക).

7 സെപ്റ്റംബർ 1 മുതൽ 8 വരെയുള്ള എട്ടുനോമ്പാചരണം ശാഖകളിൽ സമുചിതമായി നടത്തുക. അംഗങ്ങൾ സി. എം. എൽ. ബാഡ്ജു ധരിച്ച് വി. കുർബാനയിൽ സംബന്ധിക്കുകയും വി. കുർബാന സ്വീകരിക്കുകയും ചെയ്യുക. എട്ടുനോമ്പാചരണത്തിന്റെ അവസരത്തിലും മിഷൻ ചാപ്പലിന്റെ ഫണ്ടു ശേഖരിക്കേണ്ടതാണ്.

8 **മിഷൻ ലീഗ് ക്വിസ് ക്ലബ്ബ്**: മിഷൻ ലീഗ് ക്വിസ് ക്ലബ്ബിൽ അംഗങ്ങളാകുന്നവർ അതിരൂപതാ ഓഫീസിൽ എത്രയും വേഗം പേരു രജിസ്റ്റർ ചെയ്യേണ്ടതാണ്. ഒരു ശാഖയിൽ നിന്നും എത്ര പേർക്കു വേണമെങ്കിലും ക്ലബ്ബിൽ അംഗങ്ങളാകാം. ആദ്യവസാനം പങ്കെടുക്കാൻ സാധിക്കുന്നവർ മാത്രം ക്ലബ്ബിൽ ചേർന്നാൽ മതിയാകും. (വിശദാംശങ്ങൾ സി. എം. എൽ. കലണ്ടറിൽ നിന്നു മനസിലാക്കുക.)

9 **ആരാധനക്രമ വത്സര സെമിനാർ**: ആരാധനക്രമ വത്സരത്തിലെ കാലങ്ങളെക്കുറിച്ച് അംഗങ്ങൾക്ക് അവബോധം നൽകുന്നതിനുവേണ്ടി ഈ വർഷം ശാഖകളിൽ ആരാധനക്രമ വത്സര സെമിനാറുകൾ നടത്തേണ്ടതാണ്. ഓരോ കാലവും ആരംഭിക്കുന്നതിനു തലേദിവസം നടത്തുന്നതു നന്നായിരിക്കും. അന്നു സാധിക്കാതെ വന്നാൽ സൗകര്യപ്രദമായ മറ്റൊരു ദിവസം നടത്തുക. (വിശദാംശങ്ങൾ സി. എം. എൽ. കലണ്ടറിൽ നിന്നും മനസിലാക്കുക.)

## 10 അൽഫോൻസാ ജന്മഗൃഹത്തിലേക്കു തീർത്ഥാടനപദയാത്ര ആഗസ്റ്റ്-18-ന്

കുടമാളൂർ അൽഫോൻസാ ജന്മഗൃഹത്തിലേക്കുള്ള തീർത്ഥാടന പദയാത്ര ആഗസ്റ്റ് 18 ശനിയാഴ്ച നടത്തുന്നതാണ്. അന്നു വെളുപ്പിന് ചങ്ങനാശേരിയിൽനിന്നും നെടുകുന്നത്തുനിന്നും അതിരമ്പുഴയിൽനിന്നും കുടമാളൂരിലേക്കു പദയാത്ര നടക്കും. എല്ലാ ഇടവകകളിൽ നിന്നും മുതിർന്നവരെയും കുട്ടികളെയും പരമാവധി പങ്കെടുപ്പിക്കാൻ ശാഖാ ഭാരവാഹികൾ പ്രത്യേകം ശ്രദ്ധിക്കണം.

12 മണിക്ക് കുടമാളൂർ പള്ളിയിൽ വി. കുർബാന നടക്കും. 2 മണിക്ക് പള്ളിയിൽ നിന്നും അൽഫോൻസാ ജന്മഗൃഹത്തിലേക്ക് നടക്കുന്ന പ്രേഷിത റാലിയോടെ തീർത്ഥാടന പരിപാടികൾ അവസാനിക്കും.

തീർത്ഥാടനത്തിന്റെ വിജയത്തിനായി ആഗസ്റ്റ് ഒന്നു മുതൽ ശാഖകളിൽ പ്രത്യേകം പ്രാർത്ഥന ചൊല്ലേണ്ടതാണ്.

## 11 ഫാ. ജോസഫ് ചാലാശേരിക്കു മംഗളങ്ങൾ

രണ്ടു വർഷത്തോളം മിഷൻ ലീഗ് അസി. ഡയറക്ടറായിരുന്നശേഷം ഉപരിപഠനത്തിനായി റോമിനുപോയ ബഹു. ജോസഫ് ചാലാശേരിയച്ചനെ നന്ദിപൂർവ്വം സ്മരിക്കുന്നു. അച്ചന്റെ നേതൃത്വത്തിലൂടെ സംഘടനയ്ക്കുണ്ടായ നന്മകളെ അനുസ്മരിക്കുകയും അച്ചന് സർവ്വവിധ മംഗളങ്ങളും ആശംസിക്കുകയും ചെയ്യുന്നു; ഒപ്പം മിഷൻ ലീഗംഗങ്ങളുടെ പ്രാർത്ഥനയും.

## 12 ഷിബു മുരിക്കനാനിക്ക് ആശംസകൾ

വൈദിക പരിശീലനത്തിനായി കുറിച്ചി സെമിനാരിയിൽചേർന്ന അതിരൂപതാ സെക്രട്ടറി ഷിബു മുരിക്കനാനിക്ക്

എല്ലാ വിജയങ്ങളും ആശംസിക്കുന്നു; പ്രാർത്ഥന വാഗ്ദാനം ചെയ്യുന്നു. ഒരു വർഷത്തിലേറെ സെക്രട്ടറിയെന്ന നിലയിൽ അതിരൂപതാ മിഷൻലീഗിനു നൽകിയ എല്ലാ നല്ല സേവനങ്ങൾക്കുമായി നന്ദി.

## 13 ടിജി സി. വി. പുതിയ റീജനൽ ഓർഗനൈസർ

ചങ്ങനാശേരി റീജിയന്റെ പുതിയ ഓർഗനൈസറായി തുരുത്തി ശാഖയിലെ ടിജി സി. വി. യെ അതിരൂപതാ ഡയറക്ടർ റവ. ഡോ. മാണി പുതിയിടം നിയമിച്ചിരിക്കുന്നു. പുതിയ ഉത്തരവാദിത്വത്തിലേക്ക് ടിജിക്ക് സ്വാഗതം. ഒപ്പം മംഗളാശംസകളും.

## *മിഷൻ ലീഗ് സുവനീർ–സാഹിത്യ മത്സരങ്ങൾ*

അതിരൂപതാ മിഷൻ ലീഗിന്റെ സുവനീർ ഒരുങ്ങുകയായി; ഒപ്പം മിഷൻ ലീഗംഗങ്ങൾക്കായി ഒരു സാഹിത്യ മത്സരവും. വിജയികൾക്ക്; നൂററമ്പതും, നൂറും, അമ്പതും രൂപ സമ്മാനമായി നല്കുന്നു. സമ്മാനാർഹമായവ പ്രസിദ്ധീകരിക്കുന്നതുമാണ്. സൃഷ്ടികൾ ലഭിക്കേണ്ട അവസാന തീയതി സെപ്ററംബർ 30. വികാരിയച്ചന്റെ സാക്ഷ്യപത്രവും പൂർണ്ണമായ വിലാസവും ഉണ്ടായിരിക്കണം. ഉപന്യാസവും കഥയും നാലു പേജിലും കവിത രണ്ടു പേജിലും കവിയരുത്.

വിഷയം:

ഉപന്യാസം: മിഷൻലീഗിലൂടെ മിഷനറിയായ ഞാൻ.
കഥ: പരസ്നേഹത്തിലൂടെ പറുദീസാ പണിയുന്നവർ
കവിത: ഈശോയുടെ കരങ്ങളിൽ മാറോടു ചേർന്നിരുന്ന കുഞ്ഞുങ്ങളുടെ ആത്മഗതങ്ങൾ.

അയക്കേണ്ട വിലാസം:

ഫാ. ഫിലിപ്പ് നെല്പുരപ്പറമ്പിൽ
ലൂർദ് ഫൊറോനാപ്പള്ളി
കോട്ടയം-2
686002

# വിൻസെൻഷ്യൻ വേദി

## ഒരു മാതൃകാ സംരംഭം

സാമ്പത്തിക ഞെരുക്കത്താൽ വിവാഹിതരാകാൻ മടിച്ചുനിന്ന പത്തു കന്യകകൾക്കു അനാർഭാടമായി വിവാഹമണ്ഡപം ഒരുക്കിക്കൊടുത്തുകൊണ്ടു് കല്ലൂർക്കാട് പാർട്ടിക്കുലർ കൗൺസിൽ മഹത്തായ വിൻസെൻഷ്യൻ സേവന മാതൃക പ്രകടിപ്പിച്ചിരിക്കുന്നു.

ജൂൺ 30-ാം തീയതി 2 മണിക്കു ചമ്പക്കുളം ഫൊറോനാ ദേവാലയത്തിൽ വെച്ച് അതിരൂപതാ വികാരി ജനറാൾ വെരി. റവ. ഫാ. മാത്യു പുളിക്കപ്പറമ്പിൽ വിവാഹം ആശീർവ്വദിച്ചു. റവ. ഫാ. ജോസഫ് പതാലിൽ, റവ. ഫാ. മാത്യു മൂഴിയിൽ എന്നിവരും സമൂഹബലിയിൽ കാർമ്മികരായിരുന്നു.

ഒരു ഇടവക തിരുനാളിൻെറ ആഹ്ളാദത്തോടെയാണു വിവാഹ സ്വീകരണ ചടങ്ങ് സംഘടിപ്പിച്ചതു്. ഫൊറോനാ വികാരി വെരി. റവ. ഫാ. തോമസ് നടുവിലേപറമ്പിലിൻെറ അദ്ധ്യക്ഷതയിൽ നടന്ന സ്വീകരണയോഗത്തിൽ പ്രമുഖ വ്യക്തികൾ വധൂവരന്മാർക്കു് ആശംസകൾ നേരുകയുണ്ടായി. സൊസൈററി സമാഹരിച്ച ഒരു ലക്ഷം രൂപാ പെരിയ ബഹു. വികാരി ജനറാൾ നവദമ്പതികൾക്കു് വിതരണം ചെയ്തു. ഈ പാരിതോഷികത്തിനു പുറമേ വധൂവരന്മാരുടെ ബന്ധുക്കൾക്കായി സ്വീകരണ സൽക്കാരവും ക്രമീകരിച്ചിരുന്നു. വിദേശത്തു ജോലിചെയ്യുന്ന ഇടവകാംഗങ്ങളും തദ്ദേശീയരായ മാന്യവ്യക്തികളുമാണ് ഈ സമൂഹ വിവാഹത്തിനു് ഉദാരമായി സംഭാവനകൾ നൽകിയത്. ഈ വിവാഹാഘോഷം വിജയിപ്പിക്കുന്നതിനു് ഫൊറോനാ വികാരിയും ഇതര കോൺഫ്രൻസുകളുടെ ആദ്ധ്യാത്മികോപദേഷ്ടാക്കളും ചമ്പക്കുളം ഗാഗുൽത്താ മൊണാസ്ററിയിലെ ബഹുമാനപ്പെട്ട വൈദികരും സഹകരിക്കുകയുണ്ടായി.

സെൻട്രൽ കൗൺസിലിനു മൊത്തം അഭിമാനകരമായ ഈ മാതൃക പ്രകടിപ്പിച്ച എല്ലാവരെയും അനുമോദിക്കുകയും ഈ സേവന മനസ്ഥിതി തുടരുവാൻ അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

## യുവജന പ്രതിനിധി

സെൻട്രൽ കൗൺസിലിൻെറ പുതിയ യൂത്ത് റിപ്രസൻേറ

ററീവ്വ് ആയി അരുവിക്കഴി സെൻറ് ബർണഡിററ് കോൺഫ്രൻസ് സെക്രട്ടറി ബ്ര. ജോസ് പ്രകാശ് നരിമലക്കരയെ നോമിനേററു ചെയ്തിരിക്കുന്നു. വിൻസെൻഷ്യൻ പ്രവത്തനങ്ങളിൽ അതീവ തൽപരനും നിയമ വിദ്യാത്ഥിയുമായ ബ്ര. ജോസ് പ്രകാശുമായി ബന്ധപ്പെടുവാൻ എല്ലാ യൂത്ത് കോൺഫ്രൻസ് ഭാരവാഹികളെയും ഓർമ്മിപ്പിക്കുന്നു. "ജോസ് പ്രകാശ്, നരിമലക്കര ഹൗസ്, ആനിക്കാട്ട് പി. ഒ., കോട്ടയം ജില്ല, പിൻ - 686503"

ജയിംസ് ഐസക്ക്
സി. സി. പ്രസിഡൻറ്

## പുതിയ തെരഞ്ഞെടുപ്പ്

അതിരമ്പുഴ പി. സി. പ്രസിഡൻറായിരുന്ന ബ്രദർ സി. ജെ. മാത്യു (ചാമക്കാലായിൽ) ഉദ്യോഗ കാലാവധി അവസാനിക്കയാൽ സ്ഥാനമൊഴിഞ്ഞു. പുതിയ പ്രസിഡൻറിനെ തിരഞ്ഞെടുക്കാൻ വേണ്ടി 24-7-90-ൽ സി. സി. പ്രസിഡൻറിൻെറ അദ്ധ്യക്ഷതയിൽ അതിരമ്പുഴയിൽ കൂടിയ കൗൺസിൽ പുന്നത്തറ സെൻറ് തോമസ് കോൺഫറൻസ് പ്രസിഡൻറ് ബ്രദർ പി. ജെ. മത്തായിയെ ഐകകണ്ഠ്യേന തിരഞ്ഞെടുത്തു.

"P. J. Mathai, Thundathilparampil, Kongandoor P. O., Ayarkunnam - 686564

മുൻബോർഡംഗങ്ങളെ അടുത്ത അഞ്ചു കൊല്ലത്തേയ്ക്കുകൂടി പുതിയ പ്രസിഡൻറ് നോമിനേററു ചെയ്തു.

## സെൻട്രൽ കൗൺസിൽ വാർഷികം

അഭിവന്ദ്യ പിതാവിൻെറ അനുവാദം ലഭിച്ചതനുസരിച്ച് ആഗസ്ററ് 12-ാം തീയതി ഞായറാഴ്ച, നമ്മുടെ സെൻട്രൽ കൗൺസിലിൻെറ 36-ാമത്തു വാർഷികം അസംപ്ഷൻ കോളേജ് ഓഡിറേറാറിയത്തിൽ വച്ചു ഏകദിന പരിപാടിയായി നടത്തുന്നതിനു നിശ്ചയിച്ചിരിക്കുകയാണ്. വിശദമായ പരിപാടികളോടു കൂടിയ ക്ഷണക്കത്തു് എല്ലാ കോൺഫറൻസുകൾക്കും യഥാവസരം അയയ്ക്കുന്നതായിരിക്കും.

നമ്മുടെ ഇടയനായ അഭിവന്ദ്യ പിതാവ് അർപ്പിക്കുന്ന ദിവ്യബലിയിൽ സംബന്ധിച്ചു ദിവ്യകാരുണ്യം സ്വീകരിക്കുന്നതിനും, ധ്യാനവും ആത്മശോധനയും വഴി നവീകരണം പ്രാപിക്കുന്നതിനും, നമ്മുടെ ക്രിസ്തീയ കൂട്ടായ്മ കൂടുതൽ ശക്തമാക്കുന്നതിനും സഹായകമായ വിൻസെൻഷ്യൻ വാർഷിക കുടുംബസമ്മേളനത്തിൽ എല്ലാ അംഗങ്ങളും സജീവമായി പങ്കുചേർന്നു പരിപാടി വിജയപ്രദമാക്കണമെന്നു സാദരം അഭ്യർത്ഥിച്ചുകൊള്ളുന്നു.

ററി. കെ. തോമസ്, സെക്രട്ടറി

# പാസ്ററൽ സെൻറർ വാർത്തകൾ

## പാസ്ററൽ റിഫ്ളക്ഷൻ സ്ററഡി ഫെലോഷിപ്പ് (PRSF)

PRSF ൻെറ മൂന്നാം സമ്മേളനം ജൂലൈ 10, 11 തീയതികളിൽ പാസ്ററൽ സെൻററിൽവച്ച് നടന്നു. 49 വൈദികർ സംബന്ധിക്കുകയുണ്ടായി. നവാഗതരായി 8 പേർ ഇത്തവണ ഫെലോഷിപ്പിൽ സംബന്ധിച്ചു എന്നത് സന്തോഷകരമായ അനുഭവമായിരുന്നു.

Psycho-spiritual Growth and Pastoral Cure" എന്ന വിഷയത്തെക്കുറിച്ച് റവ. ഫാ. തോമസ് തൈപ്പറമ്പിൽ ക്ലാസെടുത്തു. ആദ്യദിവസം അത്താഴത്തിനു ശേഷം പതിവുപോലെ അജപാലന ശുശ്രൂഷയോടു ബന്ധപ്പെട്ട് വിചിന്തനവും സജീവമായ പങ്കുവയ്ക്കലും നടന്നു. രണ്ടാം ദിവസം അഭിവന്ദ്യപിതാവിൻെറ സാന്നിധ്യത്തിൽ വിചിന്തനവും പങ്കുവയ്ക്കലും തുടരുകയുണ്ടായി. അതിരൂപതാതിർത്തിയിൽ പല പ്രദേശങ്ങളിലും പ്രത്യേകിച്ച് കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ ഇനിയും ക്രൈസ്തവ സമൂഹങ്ങൾ വളർന്ന് ശക്തിപ്രാപിക്കാൻ സാധ്യതയുണ്ടെന്നും അക്കാര്യത്തിൽ കൂടുതൽ ശ്രദ്ധചെലുത്തേണ്ടതാണെന്നും സമ്മേളനം അഭിപ്രായപ്പെട്ടു. ഇക്കാര്യത്തിൽ സാധ്യതകൾ ആരാഞ്ഞ് മുൻകൈ എടുക്കുകയും അതിരൂപതാധികാരികളെ വിവരം ധരിപ്പിക്കുകയും ചെയ്യുക അതാതു സ്ഥലത്തെ വികാരിമാരുടെ ചുമതലയാണെന്നും അവരതിന് താല്പര്യമെടുക്കേണ്ടതാണെന്നും അഭിവന്ദ്യ പിതാവ് ഉപദേശിക്കുകയുണ്ടായി.

കൂടാതെ ഇടവകതലത്തിൽ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ അവ ആരംഭദശയിൽത്തന്നെ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യാനും രൂക്ഷമാകാതെ പരിഹരിക്കാനും ഇടവകവികാരിമാർ കാര്യങ്ങൾ യഥാസമയം അതിരൂപതാ കേന്ദ്രത്തിൽ അറിയിക്കേണ്ടതാവശ്യമാണെന്ന് ചോദ്യങ്ങൾക്കുത്തരമായി അഭി. പിതാവ് അറിയിക്കുകയുണ്ടായി.

### അടുത്ത സമ്മേളനം

PRSF ൻെറ അടുത്ത സമ്മേളനം ആഗസ്ററ് 28, 29 തീയതികളിൽ പാസ്ററൽ സെൻററിൽ വച്ചു നടക്കുന്നതാണ്.

'അനുരഞ്ജന കൂദാശ പൗരസ്ത്യ സുറിയാനി സീറോ മലബാർ സഭാ പാരമ്പര്യങ്ങളിൽ' എന്ന വിഷയത്തെക്കുറിച്ച് റവ. ഡോ. മാത്യു ആനിക്കുഴിക്കാട്ടിൽ ക്ലാസെടുക്കുന്നതാണ്. ക്ലാസെടുക്കുന്ന അച്ചൻെറ സൗകര്യാർത്ഥം 28-ാം

തീയതി ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് കൃത്യം 4. 30ന് തന്നെ ക്ലാസ് ആരംഭിക്കുന്നതാണ്. എല്ലാവരേയും ഹാർദ്ദവമായി ക്ഷണിക്കുന്നു.

## Course on Psychology & Pastoral Counselling

നമ്മുടെ അതിരൂപതയിലെ വൈദികർക്കായി മേൽ പറഞ്ഞ വിഷയത്തിൽ ഒരു കോഴ്സ് ഒക്ടോബർ ഒന്നു മുതൽ 4 വരെ പാസ്ററൽ സെൻററിൽ വച്ച് നടത്തുന്നതാണ്. Rev.Dr. Gregory Manalel ആയിരിക്കും കോഴ്സിന് നേതൃത്വം നല്കുക. സംബന്ധിക്കാൻ താല്പര്യമുള്ളവർ (പേർ നൽകാത്തവർ) നേരത്തെതന്നെ വിവരം അറിയിക്കേണ്ടതാണ്. മണലേലച്ചൻെറ ക്ലാസുകൾ സെമിനാരിയിൽവച്ചു കൂടിയിട്ടുള്ള കൊച്ചച്ചൻമാർ കോഴ്സിൽ സംബന്ധിക്കേണ്ടതില്ല.

## പാസ്ററൽ സെൻറർ ഡയറി

ജൂൺ 29. യുവദീപ്തിയുടെ ആഭിമുഖ്യത്തിൽ 40 പേർക്ക് YTP പരീക്ഷ നടത്തി. അതിനോടനുബന്ധിച്ച് യുവതീ യുവാക്കൾക്കായി ഒരു കഥയരങ്ങ് സംഘടിപ്പിച്ചു. ഇതിൽ 60 പേർ സംബന്ധിച്ചു.

30. യുവദീപ്തിയുടെ നേതൃത്വത്തിലുള്ള YTP ക്ലാസ് നടന്നു.

ജൂലൈ 1 HCMS ൻെറ ആഭിമുഖ്യത്തിൽ സംസ്ഥാന തലത്തിലുള്ള തെരഞ്ഞെടുപ്പിനെപ്പററി ഒരു ചർച്ച നടന്നു.

,, 3 അല്മായർക്കുവേണ്ടിയുള്ള ഉന്നത മതശാസ്ത്ര പഠനകേന്ദ്രമായ മാർത്തോമാ വിദ്യാനികേതൻ അഭിവന്ദ്യപിതാവ് ഉദ്ഘാടനം ചെയ്തു. പാസ്ററൽ സെൻററിൽവച്ചു നടന്ന ഈ ചടങ്ങിൽ 100-ഓളം പേർ സംബന്ധിച്ചു.

,, 4 ഓറിയൻറൽ സ്ററഡി സർക്കിളിൻെറ ഒരു ഏകദിന സെമിനാർ നടന്നു. 50 പേർ ഇതിൽ പങ്കെടുത്തു. അഭിവന്ദ്യപിതാവ് പാസ്ററൽ സെൻററൽ ചാപ്പലിൽ ദിവ്യബലിയർപ്പിച്ചു.

മതബോധന കേന്ദ്രത്തിൻെറ ആഭിമുഖ്യത്തിൽ സൺഡേസ്കൂൾ ഹെഡ്മാസ്ററർമാർക്കായി ഒരു നേതൃത്വ സമ്മേളനം നടന്നു. 150-ഓളം പേർ ഇതിൽ പങ്കെടുത്തു.

ജൂലൈ 7 സ്കൂൾ വിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സ്കൂൾ അദ്ധ്യാപകർക്കായി ഒരു മെരിററ് ഈവനിംഗ് നടത്തി. ഏററവും നല്ല സ്കൂളിനുള്ള അവാർഡ് S B H S ചങ്ങനാശേരിക്ക് നല്കി.

,, 9,10,11 അതിരൂപതാ സോഷ്യൽ സർവ്വീസ് സൊസൈററിയുടെ ആഭിമുഖ്യത്തിൽ M C H പുതിയ സർവ്വീസ് ടീമിന് ഒരു ക്യാമ്പ് നടത്തി. 16 പേർ ഈ ക്യാമ്പിൽ സംബന്ധിച്ചു.

,, 10 P R S F ന്റെ മൂന്നാം സമ്മേളനം 10-ാം തീയതി വൈകുന്നേരം 6-ന് ആരംഭിച്ച് 11-ാം തീയതി ഒരു മണിക്ക് സമാപിച്ചു. 47 വൈദികർ സന്നിഹിതരായിരുന്നു.

,, സ്കൂൾ വിദ്യാഭ്യാസവകുപ്പിന്റെ ആഭിമുഖ്യത്തിൽ ഏഴാം ക്ലാസ് ഇംഗ്ളീഷ് ഭാഷാദ്ധ്യാപകർക്കായി ഒരു ഏകദിന ട്രെയിനിംഗ് പ്രോഗ്രാം നടന്നു.

,, 14, 15 മാർത്തോമാ, വിദ്യാനികേതനിൽ അല്മായർക്കുള്ള തിയോളജി കോഴ്സ് 14, 15 തീയതികളിൽ ആദ്യക്ലാസോടുകൂടി ആരംഭിച്ചു.

,, 15 ചങ്ങനാശേരി ടൗൺ യുവദീപ്തി സംഘടനയായ ആൻമാരി യുവദീപ്തിയുടെ ആഭിമുഖത്തിൽ ഒരു പെയിൻറിംഗ് പ്രദർശനവും ഫാൻസിഡ്രസ് മത്സരവും നടന്നു. ധാരാളം പേർ പങ്കെടുത്തു.

,, 20, 23 യുവദീപ്തിയുടെ ആഭിമുഖ്യത്തിൽ അമ്പൂരി, കുറുമ്പനാടം, പുളിങ്കുന്ന് യൂണിററ് Y T P അംഗങ്ങൾക്കായുള്ള ഒരു ക്യാമ്പ് നടന്നു.

,, 21 സ്കൂൾ വിദ്യാഭ്യാസ വകുപ്പിന്റെ അദ്ധ്യക്ഷതയിൽ വിദ്യാർത്ഥികൾക്കായുള്ള സ്കൂൾ പരീക്ഷയുടെ ചോദ്യപേപ്പറുകൾ പരിശോധന നടത്തി.

,, 22 ഹരിജൻ കത്തോലിക്കാ മഹാജനസഭയുടെ ഒരു സെമിനാർ നടന്നു. 60 ഓളം പേർ പങ്കെടുത്തു.

,, 25 ചങ്ങനാശേരി സോഷ്യൽ സർവ്വീസ് സൊസൈററിയുടെ ആഭിമുഖ്യത്തിൽ 'സേവ് ഫാമിലി എ'. യുടെ ഒരു സമ്മേളനം ചേർന്നു. 40-ഓളം പേർ സംബന്ധിച്ചു.

പാസ്ററൽ സെൻറർ ഡയറക്ടർ

## COMPUTER AWARENESS COURSE FOR PRIESTS & NUNS

KCBC Commission for Mass Media is organising a Computer awareness-cum-training course from 28th to 30th August 1990. This is mainly meant for those priests and sisters who are engaged in the administrative fields such as Diocesan Offices, Pastoral Centre Offices, School/College Offices, Hospital Administration offices etc. However, those interested in Computer Communication may also apply.

There will be lectures, practical demonstrations, audio-visual presentations and practicals & hands - on - experience on computer. The participants will get a good insight into the practical possibilities of a computer-what it can and cannot do.

The course will be conducted at the Pastoral Orientation Centre, Palarivattom.

Course fee (Fee: Rs. 200; Course Material: Rs. 75; Board and Lodging: Rs. 120) will be Rs. 375/—. Only 15 seats are available. Those interested may please contact in the following address:

Fr. Jose Plachickal, Secretary, Media Commission
P. O. C., P. B. No. 2251, Kochi-682 025

---

(അനുസ്മരണം: 8-ാം പേജിന്റെ തുടർച്ച)

ന്നും സദാപ്രസന്നവദനനും സദാപി സന്തോഷചിത്തനും സുമുഖനും സുന്ദരനുമായ സക്കറിയാസച്ചനെ സമീപിച്ചവരോടും സന്ദർശിച്ചവരോടും സ്നേഹസമേതമേ സംസാരിക്കയുണ്ടായിരുന്നുവെന്നത് അദ്ദേഹത്തിന്റെ ഒരു പ്രത്യേകതയായിരുന്നു.

അദ്ദേഹത്തിന്റെ സഹോദരങ്ങൾ അമേരിക്കയിലായിരുന്നതുകൊണ്ട് അദ്ദേഹത്തിന് അമേരിക്ക സ്വന്തം സഹോദരന്മാരുടെ പ്രവർത്തന മേഖലയും കൂടിയായിരുന്നു.

പുഞ്ചിരിയോടുകൂടി ജീവിച്ച എളപ്പുങ്കലച്ചാ, സ്നേഹ പിതാവായ ദൈവം അങ്ങയെ ആ ഭവനത്തിലേക്ക് പുഞ്ചിരിയോടുകൂടി നിത്യകാലത്തേയ്ക്കു സ്വീകരിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

തയ്യാറാക്കിയത്: ഫാ. മാത്യു മേപ്രത്ത്

# archbishop's engagements

**August**

| | | |
|---|---|---|
| 1 | a.m. | Interdepartmental meeting |
| | p.m. | Veroor |
| 2 | | Kurichy Seminary |
| 3 p.m.—4 p.m. | | Alwaye Seminary |
| 5 | | Out of station |
| 6 | a.m. | Diocesan consultors meeting |
| 7 | a.m. | Assumption College |
| 7 p.m.—8 | | Kottayam |
| 9 | | Interdiocesan meeting |
| 10 | | Priests senate |
| | p.m. | Kudamaloor |
| 11 | a.m. | Assumption Church, Kurumpanadom |
| | p.m. | Hospital Board meeting |
| 12 | a.m. | Vincent de Paul meeting |
| 15 | | Metropolitan Church |
| 16 | | Alleppey |
| 17—**October** | | Abroad<br>Ad-limina visit, Synod etc. |

**P. P. F. ASSOCIATION**

The members of the P. P. F. Association are requested to offer a Holy Mass for the repose of the Soul of Rev. Fr. Zacharias Elappunkal who expired on 20th July 1990.

Secretary
P. P. F.

VEDAPRACHARA MADHYASTAN Vol. 63 No. 2 AUG. 1990
The official organ of the Archdiocese of Changanacherry
Licence No. 183 Reg. No. KL / CHC / 18

**For Quality Printing**

ST. JOSEPH'S
ORPHANAGE PRESS
CHANGANACHERRY, KERALA

Estd. 1928 Phone 20614

Edited by Fr. Thomas Thekkekara M. Th.
Printed & Published by Fr. Thomas Naduvileparampil
at St. Jossph's Orphanage Press, Changanacherry.